18
2026
നവംബർ
ബുധൻ
വൃശ്ചികം 02

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391



തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 214 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-214 പേജ് 4. വില 2.00 രൂപ

02 ആന്ധ്രാപ്രദേശിൽ വൻ വാതക ചോർച്ച; 500 മീറ്റർ ചുറ്റളവിലുള്ള ആളുകളെ ഒഴിപ്പിച്ചു

03 മലിനമായ യമുനയിൽ മുങ്ങി ഭക്തർ; വിഐപികൾക്കു പ്രത്യേക കുളങ്ങളെന്ന് വിമർശനം

04 തല പടിയിറങ്ങി; മഞ്ഞക്കുപ്പായത്തോട് വിടപറഞ്ഞ് ധോണി

വിഴിഞ്ഞത്തിന് കൈത്താങ്ങായി സർവീസ് ഹാർബർ

- കോവളം തുറമുഖ വികസന സാധ്യതകൾ പരിശോധിച്ച് ഉദ്യോഗസ്ഥർ
- വിഴിഞ്ഞം തുറമുഖത്തിന്റെപ്രവർത്തനത്തോടനുബന്ധിച്ചുള്ള സമുദ്രസേവനങ്ങൾക്ക് പുതിയ സാധ്യതകൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിച്ചതോടെ മേഖലയിൽ വർധിച്ചുവരുന്ന സമുദ്രസംബന്ധമായ സേവനങ്ങളുടെ ആവശ്യകത പരിഗണിച്ച് വിഴിഞ്ഞം-കോവളം ചെറുകിട തുറമുഖത്തെ സർവീസ് ഹാർബറായി വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിക്കുന്നു. ഇതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ സെക്രട്ടറിയും തുറമുഖ വകുപ്പ് സെക്രട്ടറിയുമായ ഡോ. രത്തൻ യു. കേൽക്കർ, കേരള മാരിടൈം ബോർഡ് സി.ഇ.ഒ യും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുമായ ജെറോമിക് ജോർജ് എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥസംഘം തുറമുഖം സന്ദർശിച്ചു.

കേരള മാരിടൈം ബോർഡിന്റെ ഭരണനിയന്ത്രണത്തിലുള്ള വിഴിഞ്ഞം-കോവളം ചെറുകിട തുറമുഖത്തെ നിലവിലുള്ള സൗകര്യങ്ങളും അടിസ്ഥാനസൗകര്യങ്ങളും സംഘം വിലയിരുത്തി. മിഷൻ സമുദ്ര പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങളുടെ സാധ്യതകളും പരിശോധിച്ചു.



വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനത്തോടെ കപ്പലുകൾക്ക് ആവശ്യമായ അനുബന്ധ സേവനങ്ങളുടെ ആവശ്യകത വർധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിലുള്ള വിഴിഞ്ഞം-കോവളം ചെറുകിട തുറമുഖത്തെ ഫലപ്രദമായി വിനിയോഗിച്ച് ഒരു സർവീസ് ഹാർബർ വികസിപ്പിക്കാനാണ് കേരള മാരിടൈം ബോർഡ് ലക്ഷ്യമിടുന്നത്.

അന്താരാഷ്ട്ര കിഴക്ക്-പടിഞ്ഞാറൻ കപ്പൽപാതയിൽ നിന്ന് ഏകദേശം 10 നോട്ടിക്കൽ മൈൽ മാത്രം അകലെയുള്ള വിഴിഞ്ഞത്തിന് കപ്പലുകൾക്കാവശ്യമായ വിവിധ സേവനങ്ങൾ ഒരുക്കുന്നതിൽ വലിയ സാധ്യതകളാണുള്ളത്. കപ്പലുകൾക്ക് ഇന്ധനം നിറയ്ക്കൽ, അറ്റകുറ്റപ്പണികൾ, കപ്പൽ ഉപകരണങ്ങളുടെയും അവശ്യവസ്തുക്കളുടെയും വിതരണം, ജീവനക്കാരെ മാറ്റുന്നതിനുള്ള സൗകര്യം, കപ്പലുകൾക്ക് താൽക്കാലികമായി നങ്കൂരമിടുന്നതിനുള്ള സൗകര്യം തുടങ്ങിയവ സർവീസ് ഹാർബറിലൂടെ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

സർവീസ് ഹാർബർ പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞത്ത് കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള അഞ്ച് ഏക്കർ ഭൂമി വാണിജ്യാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകളും പരിഗണനയിലുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾക്ക് അനുബന്ധമായി മേഖലയിലെ സമുദ്രസേവന അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുതിയ സേവനമേഖലകൾക്ക് വഴിയൊരുക്കുന്നതിനും നിർദിഷ്ട പദ്ധതി സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പുനരുപയോഗ ഊർജത്തിലൂടെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കും : മന്ത്രി സണ്ണി ജോസഫ്

സംസ്ഥാനത്തെ മുഴുവൻ വൈദ്യുതി പ്രതിസന്ധിയും പുനരുപയോഗ ഊർജത്തിലൂടെ പരിഹരിക്കാനാകുമെന്ന് പരിസ്ഥിതി വകുപ്പ് മന്ത്രി സണ്ണി ജോസഫ്. ശ്രീകാര്യം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ നടന്ന 'സൊസൈറ്റി ഫോർ പാത്ത്വേയ്സ് ടു സസ്റ്റൈനബിലിറ്റി'യുടെ അഞ്ചാമത് വാർഷിക സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ആവശ്യമായതിന്റെ 30 ശതമാനത്തിൽ താഴെ വൈദ്യുതി മാത്രമാണ് നിലവിൽ ഉത്പാദിപ്പിക്കുന്നത്. എന്നാൽ സൗരോർജ ശേഷിയിൽ അഭിമാനകരമായ നേട്ടം കൈവരിച്ചു. ലക്ഷക്കണക്കിന് കേരളീയ ഭവനങ്ങൾ ഇപ്പോൾ ഊർജ ഉപഭോക്താക്കൾ മാത്രമല്ല, ഉദ്പാദകർ കൂടിയാണ്. ഏറെ പ്രത്യേകതയുള്ളതാണ് സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രഘടന.

കുന്നുകളിൽ പെയ്യുന്ന മഴ താഴെ പട്ടണത്തിലെത്തുന്നു. സംസ്ഥാനത്തുണ്ടാകുന്ന പ്രകൃതിക്ഷോഭവും ഉരുൾപൊട്ടലും അപൂർവ സംഭവങ്ങളല്ല. ദുരന്താനന്തര ആവശ്യങ്ങൾക്കായുള്ള ചെലവ് ഭീമമാണ്. സംസ്ഥാന ബജറ്റിലും ഇത് പ്രതിഫലിക്കുന്നു.

പരിസ്ഥിതിക്കായുള്ള ജീവിതശൈലി ഉൾക്കൊണ്ട് സുസ്ഥിര വികസനത്തിനായുള്ള ധനസഹായ തന്ത്രങ്ങൾ എന്നതാണ് ഈ സമ്മേളനത്തിന്റെ പ്രമേയം. ധനകാര്യ തന്ത്രമില്ലാത്ത പദ്ധതി കേവലം ഉദ്ദേശപ്രഖ്യാപനം മാത്രമായി അവശേഷിക്കും. ബജറ്റിൽ കാലാവസ്ഥാ ചെലവുകൾ ടാഗ് ചെയ്യുന്നതിലൂടെ എന്ത് ചെലവഴിക്കുന്നു എന്ന് കൃത്യമായി അറിയാനാകും. അപ്രതീക്ഷിതമായ പ്രകൃതി ദുരന്തങ്ങളെ നേരിടാനുള്ള പണലഭ്യത ഉറപ്പാക്കണം. പൊതുസ്വകാര്യ പങ്കാളിത്തങ്ങൾ ഉൾപ്പെടുത്തി ഇ.എ ത്തങ്ങളും ശക്തിപ്പെടുത്തണം. പരിമിതമായ വരുമാനത്തിലും സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിയുമെന്ന് കേരളം തെളിയിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ, നളന്ദ സർവകലാശാല, 'സൊസൈറ്റി ഫോർ പാത്ത്വേയ്സ് ടു സസ്റ്റൈനബിലിറ്റി' എന്നിവ സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചത്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ഡയറക്ടർ കെ ജെ ജോസഫ്, സംസ്ഥാന പ്ലാനിങ്ങ് ബോർഡ് അംഗം ശ്രീധർ രാധാകൃഷ്ണൻ, മുരളി തുമ്മാരുകുടി, ഹരിയാന സെൻട്രൽ യൂണിവേഴ്സിറ്റിയിലെ രഞ്ജൻ അനേജ, കോഴിക്കോട് ഐഐഎം അസിസ്റ്റന്റ് പ്രൊഫസർ ശിൽപ സതീഷ് എന്നിവർ പങ്കെടുത്തു.

വിഴിഞ്ഞം തുറമുഖം ട്രേഡ് ഫെസിലിറ്റേഷൻ യോഗം നവംബർ 18ന്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വഴിയുള്ള കയറ്റുമതി-ഇറക്കുമതി വ്യാപാരം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വ്യാപാര-ലോജിസ്റ്റിക്സ് മേഖലകളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡും (ഢകടഘ) ട്രിവാൻഡ്രം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും (TCCI) സംയുക്തമായി സംഘടിപ്പിക്കുന്ന ട്രേഡ് ഫെസിലിറ്റേഷൻ യോഗം നവംബർ 18 വൈകിട്ട് മൂന്ന് മുതൽ അഞ്ച് വരെ തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ നടക്കും. തുറമുഖത്തിന്റെ നിലവിലെ പ്രവർത്തനങ്ങൾ, കണക്റ്റിവിറ്റി, ഭാവി വികസന പദ്ധതികൾ, കയറ്റുമതി-ഇറക്കുമതി ചരക്കുകളുടെ കസ്റ്റംസ് നടപടികളും നിയന്ത്രണ സംവിധാനങ്ങളും, രേഖാപരമായ നടപടിക്രമങ്ങൾ, കേരളത്തിലെയും സമീപ പ്രദേശങ്ങളിലെയും കയറ്റുമതിക്കാർക്കും ഇറക്കുമതിക്കാർക്കുമുള്ള വ്യാപാരസാധ്യതകൾ, ഉൾനാടൻ ഗതാഗത ബന്ധങ്ങൾ, ലോജിസ്റ്റിക്സ് സേവനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും.

അവിശ്വാസപ്രമേയം പാസായി; ആനക്കര പഞ്ചായത്ത് ഭരണം എൽഡിഎഫിന്

പാലക്കാട്: രാഷ്ട്രീയ അനിശ്ചിതത്വങ്ങൾക്കും തർക്കങ്ങൾക്കും ഒടുവിൽ ആനക്കര പഞ്ചായത്ത് ഭരണം എൽഡിഎഫിന്. പ്രസിഡൻറായി സിപിഎം അംഗം എം.വി. ജംസിനയെ തെരഞ്ഞെടുത്തു. ഒരു വോട്ടിൻറെ ഭൂരിപക്ഷത്തിലാണ് ജംസിനയുടെ വിജയം. ചൊവ്വാഴ്ച നടന്ന പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ സിപിഎം സ്ഥാനാർഥിക്ക് ഏഴ് വോട്ടും കോൺഗ്രസ് സ്ഥാനാർഥിക്ക് ആറ് വോട്ടും ലഭിച്ചു.

തെരഞ്ഞെടുപ്പിൽ മുസ്ലിം ലീഗിലെ മൂന്ന് അംഗങ്ങൾ വിട്ടുനിന്നു. ബിജെപി അംഗം പങ്കെടുത്തെങ്കിലും വോട്ട് രേഖപ്പെടുത്തിയില്ല. ഇതോടെയാണ് ഏഴ് വോട്ടുകൾ നേടിയ ജംസിനയ്ക്ക് പ്രസിഡൻറ് സ്ഥാനം ലഭിച്ചത്. തിങ്കളാഴ്ച നടക്കേണ്ടിയിരുന്ന തെരഞ്ഞെടുപ്പ് ക്വാറം തികയാത്തതിനെ തുടർന്ന് മാറ്റിവെച്ചിരുന്നു. അന്ന് സിപിഎം, ബിജെപി അംഗങ്ങൾ മാത്രമാണ് യോഗഹാളിലെത്തിയത്.

കോൺഗ്രസ് അംഗങ്ങൾ പഞ്ചായത്ത് ഓഫീസിൽ എത്തിയെങ്കിലും തെരഞ്ഞെടുപ്പ് നടപടികളിൽ പങ്കെടുത്തിരുന്നില്ല. ചൊവ്വാഴ്ച കോൺഗ്രസ് അംഗങ്ങൾ തെരഞ്ഞെടുപ്പിൽ പങ്കെടുത്തതോടെയാണ് നടപടികൾ പൂർത്തിയായത്. മുൻ പ്രസിഡൻറ് പി.എൻ. അംബികയ്ക്കെതിരായ അവിശ്വാസപ്രമേയം പാസായതോടെയാണ് പുതിയ പ്രസിഡന്റിനെ തിരഞ്ഞെടുക്കേണ്ട സാഹചര്യമുണ്ടായത്. സിപിഎം അംഗങ്ങൾക്കൊപ്പം മുസ്ലിം ലീഗ് അംഗങ്ങളും പിന്തുണച്ചതോടെയാണ് അവിശ്വാസപ്രമേയം പാസായത്.


മണ്ണന്തല രഞ്ജിത് വധക്കേസ്; 11 പ്രതികൾ കുറ്റക്കാർ, ശിക്ഷ ബുധനാഴ്ച പ്രഖ്യാപിക്കും

തിരുവനന്തപുരം. മണ്ണന്തല രഞ്ജിത് വധക്കേസിൽ 11 പ്രതികൾ കുറ്റക്കാരെന്ന് കോടതി കണ്ടെത്തി. തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതിയാണ് നിർണായകമായ പ്രഖ്യാപനം നടത്തിയത്. ശിക്ഷ ബുധനാഴ്ച പ്രഖ്യാപിക്കും. കേസിലാകെ 12 പ്രതികളായിരുന്നു ഉണ്ടായിരുന്നത്. ഇതിൽ ഒരാൾ ഒളിവിലായതിനാൽ വിചാരണ നേരിട്ടിരുന്നില്ല.

ആർഎസ്എസ് പ്രവർത്തകനായിരുന്ന രഞ്ജിത്തിനെ ഒരു സംഘം സിപിഎം പ്രവർത്തകർ രാഷ്ട്രീയ വിരോധം മൂലം കൊലപ്പെടുത്തിയെന്നാണ് കേസ്. 2008 ഒക്ടോബർ 17ന് പുലർച്ചെയാണ് കേസിനാസ്പദമായ സംഭവം. കോട്ടമുകളിലെ ബേക്കറിയിൽ രഞ്ജിത്ത് നിൽക്കവെ ആണ് രണ്ട് കാറിലും ബൈക്കിലുമായെത്തിയ പ്രതികൾ ആക്രമണം നടത്തിയത്.ക്രൈം ബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ കൊലപാതകത്തിന് പിന്നിൽ വലിയ ഗൂഢാലോചന നടന്നതായി കണ്ടെത്തിയിരുന്നു. ഗൂഢാലോചനയ്ക്ക് നേതൃത്വം നൽകിയ സിപിഎം പ്രാദേശിക നേതാക്കളെയും പ്രതിചേർത്തിരുന്നു. വിചാരണാ വേളയിൽ പ്രോസിക്യൂഷൻ സാക്ഷികളായിരുന്ന പൊലിസുകാർ കൂറുമായിരുന്നു.



കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദേശീയ സരസ് മേള 2026 ന്റെ ലോഗോ മുഖ്യമന്ത്രി വി ഡി സതീശൻ പ്രകാശനം ചെയ്യുന്നു. മന്ത്രിമാരായ കെ എം ഷാജിയും പി കെ ബഷീറും സമീപം.



സർക്കാർ റദ്ദാക്കിയ വിവാദ മയിൽപീലി യംഗ് സ്കോളർ പരീക്ഷ ഓൺലൈനായി നടത്താൻ സംഘാടകർ

കോഴിക്കോട്: സംസ്ഥാനത്തെ യുപി, ഹൈസ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന 'മയിൽപ്പീലി യംഗ് സ്കോളർ പരീക്ഷക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നേരത്തെ നൽകിയ അനുമതി റദ്ദാക്കിയ സംഭവത്തിൽ വകുപ്പ് മന്ത്രിക്കെതിരേ രൂക്ഷവിമർശനവുമായി ദേശീയ അധ്യാപക പരിഷത്തും മയിൽപീലി മാസിക അധികൃതരും.

മന്ത്രി സത്യപ്രതിജ്ഞാ ലംഘനമാണ് നടത്തിയതെന്നും ഹൈക്കോടതിയെ സമീപിക്കുമെന്നും ദേശീയ അധ്യാപക പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ടി. അനൂപ് കുമാർ, മാസിക മാനേജിംഗ് എഡിറ്റർ കെ. പി. ബാബുരാജ് എന്നിവർ കോഴിക്കോട് നടത്തിയ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. നവംബർ മുതൽ നിശ്ചയിച്ച പ്രകാരം തന്നെ ഓൺലൈൻ എക് സാം നടത്തുമെന്നും അവർ വ്യക്തമാക്കി.

ദേശീയ അധ്യാപക പരിഷത്തും മയിൽപീലി മാസികയും സംയുക്തമായി നടത്തുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. യംഗ് സ്കോളർ എക് സാം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടത്തുന്നതിന് 2026 ജൂലൈയിൽ ദേശീയ അധ്യാപക പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി പൊതുവിദ്യാഭ്യാസ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു.

അതു പ്രകാരം 2026 ഒക്ടോബർ 12 ന് എല്ലാ ചട്ടങ്ങളും പാലിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് പരീക്ഷ നടത്തുന്നതിനുള്ള ഔദ്യോഗിക അനുമതി ഉത്തരവ് പുറപ്പെടുവിച്ചു. പഠനസമയത്തെ ബാധിക്കരുതെന്നും പ്രത്യേക ഫീസ് ഈടാക്കരുതെന്നുമുള്ള വ്യവസ്ഥകളോടെയായിരുന്നു അനുമതി. ഒക്ടോബർ 30ന് സ്കൂൾതല പരീക്ഷയും നവംബർ 14ന് സബ്-ജില്ലാതല പരീക്ഷയും നടന്നു കഴിഞ്ഞു. നവംബർ 22ന് ഓൺലൈൻ പരീക്ഷയാണ് നടക്കേണ്ടത്. ആ പരീക്ഷ ഓൺലൈനായി നടത്തുമെന്ന് സംഘാടകർ പറഞ്ഞു. സ്കൂളുകളിൽ കെഎസ്ടിഎ, കെപിഎസ്ടിഎ, കെഎസ്ടിയു തുടങ്ങി അധ്യാപക സംഘടനകളുടെ നേതൃത്വത്തിൽ ഇത്തരം പരീക്ഷകൾ നടത്തുന്നുണ്ട്.

ദേശീയ അധ്യാപക പരീക്ഷത്തിനും മയിൽപീലി മാസികക്കും യംഗ് സ്കോളർ എക് സാം നടത്താനുള്ള അനുമതി റദ്ദാക്കിയത് ഭരണഘടനാ അനുശാസിക്കുന്ന തുല്യതക്ക് എതിരാണ്. വിദ്യാർഥികളുടെ മൗലീക അവകാശത്തെ ചോദ്യം ചെയ്യുന്നത് കൂടിയാണ് ഈ ഉത്തരവ്. വിദ്യാർഥികളിൽ മതം, രാഷ്ട്രീയം തുടങ്ങിയവക്ക് അതീതമായി വിജ്ഞാനം നൽകുന്ന പദ്ധതിയാണ് സർക്കാർ പ്രോത്സാഹിപ്പിക്കേണ്ടത്. രാഷ്ട്രീയ പ്രേരിതമായ ഈ ഉത്തരവിലൂടെ സത്യപ്രതിജ്ഞാ ലംഘനമാണ് വിദ്യാഭ്യാസ വകുപ്പ് മന്ത്രി നടത്തിയിട്ടുള്ളതെന്നും ഭാരവാഹികൾ ആരോപിച്ചു.

വിദ്യാഭ്യാസ രംഗത്ത് പക്ഷപാതപരമായനിലപാടുകൾ സ്വീകരിക്കരുത് എന്ന് ആവശ്യപ്പെട്ട് വിദ്യാർഥികളും രക്ഷാകർത്താക്കളും മുഖ്യമന്ത്രിക്ക് തുറന്ന കത്ത് എഴുതുന്നമെന്നും അവർ വ്യക്തമാക്കി.



ഡിസംബർ അവസാനവാരം പാലക്കാട് ജില്ലയിൽ നടക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പൈതൃക ഉത്സവത്തിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി കെ.എ. തുളസിയുടെ അധ്യക്ഷതയിൽ മന്ത്രിയുടെ ചേംബറിൽ ചേർന്ന അവലോകന യോഗം. വകുപ്പ് സെക്രട്ടറി സീറാം സാമ്പശിവ റാവു, പട്ടികജാതി ഡയറക്ടർ ഹിമ കെ., പട്ടികവർഗ്ഗ ഡയറക്ടർ ഡോ. ബിനു ഫ്രാൻസിസ്, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ക്രെഡിറ്റ് കാർഡ് ആക്ടിവേഷൻറെ പേരിൽ തട്ടിപ്പ്; മുളവുകാട് സ്വദേശിനിക്ക് പണം നഷ്ടമായി

കൊച്ചി: ക്രെഡിറ്റ് കാർഡ് ആക്ടിവേറ്റ് ചെയ്യുന്നതിൻറെ പേരിൽ മുളവുകാട് സ്വദേശിനിയിൽ നിന്നും 89,904 രൂപ തട്ടി. ക്രെഡിറ്റ് കാർഡ് ആക്ടിവേറ്റ് ചെയ്യാനായി ഒടിപി നമ്പർ ആവശ്യപ്പെട്ടാണ് മറ്റൊരു അക്കൗണ്ടിലുള്ള പണം തട്ടിയത്. ക്രെഡിറ്റ് കാർഡ് ആക്ടീവ് ആകാതിരുന്നതോടെ യുവതി പൊലിസിൽ പരാതി നൽകുകയായിരുന്നു. നവംബർ രണ്ടിന് യെസ് ബാങ്കിൻറെ ക്രെഡിറ്റ് കാർഡ് ആക്ടിവേറ്റ് ചെയ്യുന്നതിനായി കോൾ വരികയും ഫോണിലെത്തിയ ഒടിപി നമ്പർ ആവശ്യപ്പെടുകയുമായിരുന്നു. ആക്ടിവേഷൻ നടപടികൾ പൂർത്തിയായില്ലെന്ന് പറഞ്ഞ് വീണ്ടും കോൾ വരികയും എസ്ബിഐ കാർഡ് വഴി ആക്ടിവേഷൻ നടത്താമെന്ന് പറഞ്ഞ് വീണ്ടും ഒടിപി ആവശ്യപ്പെട്ടു.

രണ്ടു തവണയും ഒടിപി നമ്പർ കൈമാറിയതോടെയാണ് എസ്ബിഐ കാർഡിൽ നിന്നും 49,440 രൂപ നഷ്ടമായി. നവംബർ നാലിന് എസ്ബിഐ കാർഡിൽ നിന്നും ഡെബിറ്റ് ആയ തുക തിരികെ നൽകാമെന്ന് പറഞ്ഞും തട്ടിപ്പുകാർ വീണ്ടും വിളിക്കുകയും ഒടിപി നമ്പർ ആവശ്യപ്പെടുകയും ചെയ്തു. ഒടിപി കൈമാറിയതോടെ 40, 464 രൂപ കൂടി നഷ്ടമാവുകയായിരുന്നു.

പണം തിരികെ ലഭിക്കാതിരിക്കുകയും യെസ് ബാങ്കിൻറെ ക്രെഡിറ്റ് കാർഡ് ആക്ടിവേറ്റ് ആകാതിരിക്കുകയും ചെയ്തതോടെയാണ് യുവതിക്ക് സംശയം തോന്നിയത്. തുടർന്ന് മുളവുകാട് പൊലിസിൽ പരാതി നൽകി. കേസ് പിന്നീട് എറണാകുളം സൈബർ പൊലിസിന് കൈമാറി.

കാൺപൂരിൽ നിന്ന് ട്രെയിൻ കയറി: വന്ദേഭാരതിൽ കുടുങ്ങിയത് 12 ബന്ധുക്കൾ; പിഴയിട്ട് റെയിൽവേ

ലക്നോ: യാത്രയാക്കാൻ ബന്ധുവിനൊപ്പം വന്ദേഭാരത് എക്സ്പ്രസിൽ കയറിയ 12 പേർ ട്രെയിൻ പുറപ്പെട്ടതോടെ കുടുങ്ങി. ഓട്ടോമാറ്റിക് വാതിലുകൾ അടയുന്ന വന്ദേഭാരത് ട്രെയിനിൽ നിന്ന് പെട്ടെന്ന് ഇറങ്ങാൻ സാധിക്കാതെ വന്നതോടെ യാത്രക്കാരുടെ ബന്ധുക്കൾ ട്രെയിനിനുള്ളിൽ ബഹളം വയ്ക്കുകയായിരുന്നു.

കാൺപൂർ സ്റ്റേഷനിൽ രാവിലെ 9: 26-ന് എത്തിയ വന്ദേഭാരത് ട്രെയിൻ 9: 30-നാണ് യാത്ര തിരിച്ചത്. ഈ സമയത്ത് ബന്ധുക്കളെ യാത്രയാക്കാനായി ട്രെയിനിനുള്ളിൽ കയറിയ 12 പേരാണ് ട്രെയിൻ സ്റ്റേഷൻ വിട്ടതോടെ കുടുങ്ങിപ്പോയത്. വാതിലുകൾ തനിയെ ലോക്കാകുന്ന സംവിധാനമുള്ളതിനാൽ ട്രെയിൻ മുന്നോട്ട് നീങ്ങിയപ്പോൾ ഇവർക്ക് പുറത്തിറങ്ങാൻ കഴിഞ്ഞില്ല.

തുടർന്ന് ട്രെയിനിനുള്ളിൽ ബഹളമുയരുകയും വാതിലുകൾ തുറക്കണമെന്ന് ഇവർ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ട്രെയിൻ ഇതിനോടകം വേഗത കൈവരിച്ചിരുന്നു. ഒടുവിൽ ബഹളത്തിനൊടുവിൽ വന്ദേഭാരതിന് സ്റ്റോപ്പില്ലാത്ത ഇറ്റാവ സ്റ്റേഷനിൽ ട്രെയിൻ നിർത്തിയാണ് ഈ 12 പേരെയും പുറത്തിറക്കിയത്. രാവിലെ 10: 49-ഓടെയായിരുന്നു ഇത്. സ്റ്റേഷനിൽ പരിശോധന നടത്തിയ റെയിൽവേ പൊലിസ് ഇവർ പ്ലാറ്റ്ഫോം ടിക്കറ്റോ യാത്രാ ടിക്കറ്റോ ഇല്ലാതെയാണ് ട്രെയിനിൽ കയറിയതെന്ന് കണ്ടെത്തി. ടിക്കറ്റില്ലാതെ റെയിൽവേ സ്റ്റേഷനിൽ പ്രവേശിച്ചതിനും വന്ദേഭാരതിൽ കയറിയതിനും ഓരോരുത്തർക്കും 3,000 രൂപ വീതം ആകെ 36,000 രൂപ പിഴ ഈടാക്കി. തുടർന്ന് തുക അടച്ച ഇവരെ പൊലിസ് വിട്ടയക്കുകയും തെറ്റ് ആവർത്തിക്കരുതെന്ന് കർശന മുന്നറിയിപ്പ് നൽകുകയും ചെയ്തു.

ഞാറക്കലിൽ ഹാഷിഷ് ഓയിലുമായി 19കാരൻ പിടിയിൽ

വൈപ്പിൻ: ഹാഷിഷ് ഓയിലുമായി യുവാവ് പിടിയിൽ. ഞാറക്കൽ പെരുമനപറമ്പ് പാർഥസാരഥി (19) ആണ് പിടിയിലായത്.

പട്രോളിംഗിനിടെ തിങ്കളാഴ്ച രാത്രി പത്തരയോടെ ഞാറക്കൽ പള്ളിയുടെ സമീപം സംശയാസ്പദമായ സാഹചര്യത്തിൽ കണ്ട യുവാവിനെ തടഞ്ഞുനിർത്തി ദേഹ പരിശോധന നടത്തിയപ്പോഴാണ് രണ്ടു പ്ലാസ്റ്റിക് ഡപ്പികളിലായി രണ്ടു ഗ്രാം ഹാഷിഷ് ഓയിൽ കണ്ടെത്തിയത്.

പ്രതിയെ ഞാറക്കൽ പൊലിസ് അറസ്റ്റ് ചെയ്തു. എസ്ഐ കെ. വി. ജിതിൻ, സിപിഒ ജിബിൻ എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്. ഹാഷിഷ് ഓയിൽ വിൽപനയ്ക്ക് എത്തിച്ചതാണോ സ്വന്തം ഉപയോഗത്തിനായി കൊണ്ടുവന്നതാണോ എന്നതിൽ പൊലിസ് അന്വേഷണം നടക്കുകയാണ്.

ആന്ധ്രാപ്രദേശിൽ വൻ വാതക ചോർച്ച; 500 മീറ്റർ ചുറ്റളവിലുള്ള ആളുകളെ ഒഴിപ്പിച്ചു

രാജമുണ്ട്രി: ആന്ധ്രാപ്രദേശിൽ ഒഎൻജിസിയുടെ ഗ്യാസ് പ്ലാൻറിൽ വൻ വാതകചോർച്ച. കോനസീമ ജില്ലയിലെ മാമിടികുധുരു മണ്ഡലത്തിൽ, ദേശീയപാത 216-ന് സമീപമുള്ള ഗെഡ്ഡാഡ ഗ്രാമത്തിൽ ഇന്ന് പുലർച്ചെ അഞ്ചിനാണ് സംഭവം. ഗ്യാസ് പ്ലാൻറിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനിടയിലാണ് വാതക ചോർച്ച ഉണ്ടായത്. മുൻകരുതൽ നടപടിയുടെ ഭാഗമായി പ്ലാൻറിൻറെ 500 മീറ്റർ ചുറ്റളവിലുള്ള ആളുകളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. പ്രദേശം പോലീസിൻറെ നിയന്ത്രണത്തിലാണ്.

തീപിടുത്ത സാധ്യത ഒഴിവാക്കുന്നതിനായി സ്ഥലത്തെ വൈദ്യുതി വിതരണം താൽക്കാലികമായി വിച്ഛേദിച്ചിട്ടുണ്ട്. ദേശീയപാത 216-ലെ ഗതാഗതം ബദൽ പാതകളിലേക്ക് വഴി തിരിച്ചുവിട്ടു.

നിലവിൽ സ്ഥിതിഗതികൾ നിയന്ത്രണ വിധേയമെന്ന് അധികൃതർ അറിയിച്ചു. പ്ലാൻറ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നടത്തിയ ഗ്യാസ് സാന്ദ്രതാ പരിശോധനയിൽ നിലവിൽ വാതകത്തിൻറെ അളവ് പൂജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എങ്കിലും നിരീക്ഷണവും സുരക്ഷാ മുൻകരുതലുകളും തുടരുകയാണെന്ന് അധികൃതർ അറിയിച്ചു.

യോഗ കോഴ്സ്: ഫീസ് ഒടുക്കണം

സ്കോൾ-കേരള-ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സ് മൂന്നാം ബാച്ചിൽ പ്രവേശനം നേടിയവർക്ക് ഇപ്പോൾ രണ്ടാം ഗഡു ഫീസ് ഒടുക്കാം. നവംബർ 31 വരെയും 100 രൂപ പിഴയോടുകൂടി ഡിസംബർ ഏഴ് വരെയും www.scolekerala.org യിൽ ഓൺലൈനായി ഫീസ് അടച്ച് രസീത് സംസ്ഥാന ഓഫീസിൽ ലഭ്യമാക്കണം.

സൗജന്യ തൊഴിൽ പരിശീലനം

പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ അസാപിന്റെ സഹകരണത്തോടെ ആരംഭിക്കുന്ന ആർട്ടിസനൽ ബേക്കിംഗ് കോഴ്സിലേക്ക് ഭിന്നശേഷിക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി അഡ്മിഷന് ഇന്റർവ്യൂ ഉണ്ടായിരിക്കും. അപേക്ഷാ ഫോം പരിശീലന കേന്ദ്രത്തിൽ ലഭ്യമാണ്. നിശ്ചിത ഫോറത്തിലോ വെള്ള പേപ്പറിലോ തയ്യാറാക്കിയ അപേക്ഷകൾ ബയോഡേറ്റ ഉൾപ്പെടെ നവംബർ 30 നകം സൂപ്പർവൈസർ, ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രം, പൂജപ്പുര, തിരുവനന്തപുരം, പിൻ-695012 വിലാസത്തിലോ vtctvm3618@gmail.com ലോ ലഭ്യമാക്കണം. വിവരങ്ങൾക്ക്: 0471-2343618.

പ്രമാണ പരിശോധന

കൊച്ചിൻ ദേവസ്വം ബോർഡിലെ മെഡിക്കൽ ഓഫീസർ (ആയുർവേദ) (കാറ്റഗറി നമ്പർ 77/2025) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികളുടെ പ്രമാണ പരിശോധന നവംബർ 23നും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) (കാറ്റഗറി നമ്പർ 68/2025) തസ്തികകളുടെ പ്രമാണ പരിശോധന നവംബർ 27നും കൂടൽമാണിക്യം ദേവസ്വത്തിലെ കീഴ്ശാന്തി (കാറ്റഗറി നമ്പർ 75/2025) തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ച യോഗ്യരായ ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന നവംബർ 27നും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ നടത്തും.

കൊച്ചിൻ ദേവസ്വം ബോർഡിലെ തസ്തികകളുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികൾ വിജ്ഞാപനപ്രകാരമുള്ള യോഗ്യതകൾ തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ വെരിഫിക്കേഷൻ തീയതിക്കുമുമ്പായി പ്രൊഫൈലിൽ അപ്ലോഡ് ചെയ്യണം. 'ദേവജാലിക' പ്രൊഫൈലിൽ ലോഗിൻ ചെയ്ത് APPLICATIONS -> DOCUMENT ഡജഘചരഅഉ എന്ന ലിങ്ക് മുഖേന പ്രമാണങ്ങൾ അപ്ലോഡ് ചെയ്യാം.

സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകുന്നതിനുള്ള മെമ്മോ ഉദ്യോഗാർഥികളുടെ 'ദേവജാലിക' പ്രൊഫൈലിലെ Document Verification Memo -> Download Memo എന്ന ലിങ്കിൽ നിന്നും ഡൗൺലോഡ് ചെയ്യണം. യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും വെരിഫിക്കേഷൻ മെമ്മോയും സഹിതം നിശ്ചയിക്കപ്പെട്ട സമയത്ത് നേരിട്ട് ഹാജരാകണം. വിവരങ്ങൾക്ക്: www.kdrb.kerala.gov.in.

ലക്ഷ്യം യുഎസ് സൈനിക താവളം; ബഹ്റൈനിൽ വീണ്ടും ഇറാൻ ആക്രമണം

മനാമ: ബഹ്റൈനിലെ അമേരിക്കൻ സൈനിക താവളങ്ങൾ ലക്ഷ്യമിട്ട് ഇറാൻറെ ഡ്രോൺ ആക്രമണം. ഷെയ്ഖ് ഇസ വ്യോമതാവളത്തിലെ അമേരിക്കൻ റഡാർ സംവിധാനം ലക്ഷ്യമിട്ട് ഡ്രോൺ ആക്രമണം നടത്തിയതായി ഇറാൻറെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് അവകാശപ്പെട്ടു. തല സ്ഥാനമായ മനാമയിൽ സ്ഫോടന ശബ്ദങ്ങൾ കേട്ടതായും സുരക്ഷാ മുന്നറിയിപ്പുകൾ നൽകിയതായും റിപ്പോർട്ടുകളുണ്ട്. തങ്ങളുടെ വ്യോമാതിർത്തി അമേരിക്കൻ ഡ്രോണുകൾ തുടർച്ചയായി ലംഘിക്കുന്നതിനുള്ള തിരിച്ചടിയാണിതെന്ന് ഇറാൻ വ്യക്തമാക്കി. എന്നാൽ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിന് മുമ്പുതന്നെ ഡ്രോണുകൾ വ്യോമപ്രതിരോധ സംവിധാനം ഉപയോഗിച്ച് തകർത്തതായി ബഹ്റൈൻ സൈന്യം വ്യക്തമാക്കി. ഇറാൻറെ നടപടി തങ്ങളുടെ പരമാധികാരത്തിനേലുള്ള കടന്നുകയറ്റമാണെന്ന് ബഹ്റൈൻ വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. ആക്രമണങ്ങളുടെ പ്രത്യാഘാതങ്ങൾക്ക് ഇറാൻ പൂർണ ഉത്തരവാദിയായിരിക്കുമെന്നും ബഹ്റൈൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതേസമയം ആക്രമണത്തെ യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ അപലപിച്ചു. ബഹ്റൈനിലെ യുഎസ് എംബസി അവിടെയുള്ള അമേരിക്കൻ പൗരന്മാരോട് അതീവ ജാഗ്രത പാലിക്കാൻ നിർദ്ദേശവും നൽകി. കഴിഞ്ഞ ഞായറാഴ്ച അൽ റിഫയിലെ സൈനിക താവളങ്ങൾ ലക്ഷ്യമിട്ട് ഇറാൻ ഡ്രോണുകൾ അയച്ചിരുന്നു.

തദ്ദേശസ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ ചുമതലയേറ്റു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാനായി ജസ്റ്റിസ് (റിട്ട.) സി പ്രദീപ് കുമാർ ചുമതലയേറ്റു. ലോക്ഭവൻ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഗവർണർ ഓംപ്രകാശ് മാഥുർ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി വി.ഡി. സതീശൻ സന്നിഹിതനായിരുന്നു. ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജി, ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു. ചടങ്ങിന് ശേഷം പാളയം സാഫല്യം കോംപ്ലക്സിന്റെ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെത്തി അദ്ദേഹം ചുമതലയേറ്റു.

അപിയറിസ്റ്റ് കോഴ്സ്

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആറ് മാസത്തെ അപിയറിസ്റ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി./ തത്തുല്യമാണ് യോഗ്യത. പ്രായപരിധി 18-30 വയസ്സ്. Khadi.kerala.gov.in ൽ നവംബർ 30നകം അപേക്ഷിക്കണം. വിവരങ്ങൾക്ക്: 0471 2471696, dvi@kkivb.org.

അപ്രന്റീസ് പരിശീലനത്തിന് 2,000 ഒഴിവുകൾ

സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ/ സ്വകാര്യ സ്ഥാപനങ്ങളിലായി രണ്ടായിരത്തോളം അപ്രന്റീസ് ഒഴിവുകളിലേക്ക് ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നതിനായി സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരി സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററും കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ചെന്നൈയിലെ ദക്ഷിണമേഖലാ ബോർഡ് ഓഫ് അപ്രന്റിസ്ഷിപ്പ് ട്രെയിനിങ്ങും ചേർന്ന് അപ്രന്റീസ് തിരഞ്ഞെടുപ്പ് മേള സംഘടിപ്പിക്കുന്നു.

ഡിസംബർ അഞ്ചിന് കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിൽ നടക്കുന്ന തിരഞ്ഞെടുപ്പ് മേളയിലൂടെ വിവിധ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് അപ്രന്റീസുകളെ തിരഞ്ഞെടുക്കും. കൊച്ചി മെട്രോ, എച്ച്.ഒ.സി., എഫ്.എ.സി.ടി., ഡി.പി. വേൾഡ്, കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ., കേന്ദ്ര പ്രതിരോധ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട്, കണ്ണൂർ എയർപോർട്ട്, ഹിന്ദുസ്ഥാൻ യൂണിലിവർ തുടങ്ങി നിരവധി സ്ഥാപനങ്ങൾ പങ്കെടുക്കും.

ത്രിവത്സര പോളിടെക്നിക് ഡിപ്ലോമ, ബി.ടെക്., ബി.എ., ബി.എസ്സി., ബി.കോം., ബി.ബി.എ., ബി.സി.എ., നഴ്സിങ്, ബി.ഫാം., ഡി.ഫാം., ഹോട്ടൽ മാനേജ്മെന്റ് തുടങ്ങിയ കോഴ്സുകൾ പാസായി അഞ്ച് വർഷം കഴിയാത്ത വർക്കും അപ്രന്റീസ് ആക്ട് പ്രകാരം മുൻപ് പരിശീലനം നേടിയിട്ടില്ലാത്തവർക്കും അപേക്ഷിക്കാം.

എസ്.ഡി. സെന്ററിൽ രജിസ്റ്റർ ചെയ്തതിനു ശേഷം ഇ-മെയിൽ മുഖേന ലഭിച്ച രജിസ്ട്രേഷൻ കാർഡും സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും അസ്സലും പകർപ്പുകളും ബയോഡാറ്റയുടെ പകർപ്പും സഹിതം ഡിസംബർ അഞ്ച് രാവിലെ ഒമ്പതിന് കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. അപേക്ഷകർക്ക് ഇഷ്ടാനുസരണം ഒന്നിലധികം സ്ഥാപനങ്ങളിലെ അഭിമുഖങ്ങളിൽ പങ്കെടുക്കാം. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ഉദ്യോഗാർഥികൾ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററിൽ ഡിസംബർ നാലിന് മുൻപായി www.sdcentre.org യിൽ രജിസ്റ്റർ ചെയ്യണം.

പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെയും ലഭ്യമായ ഒഴിവുകളുടെയും വിവരങ്ങളും ഇന്റർവ്യൂവുമായി ബന്ധപ്പെട്ട മറ്റു വിശദാംശങ്ങളും www.sdcentre.org യിൽ ഡിസംബർ മൂന്നിന് പ്രസിദ്ധീകരിക്കും. വിവരങ്ങൾക്ക്: 0484-2556530, sdckalamassery@gmail.com.

കിലെ ടാലന്റ് സർച്ച് പരീക്ഷ

തിരുവനന്തപുരത്തെ കിലെ ഐ.എ.എസ്. അക്കാഡമിയുടെ 2027-28 ബാച്ചിലേക്കുള്ള ടാലന്റ് സർച്ച് പരീക്ഷ നവംബർ 22 ന് ഓൺലൈനായി നടത്തും. വിജയികൾക്ക് അക്കാഡമിയിലെ വിവിധ കോഴ്സുകളിൽ പഠിക്കുന്നതിന് സ്കോളർഷിപ്പ് ലഭിക്കും. വിവരങ്ങൾക്ക് www.kile.kerala.gov.in/kileiasacademy, kileiasacademy@gmail.com, 0471-2479966, 8075768537.

ഫാക്കൽടി അഭിമുഖം

കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററിൽ നവംബറിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ സേഫ്റ്റി എൻജിനിയറിങ് കോഴ്സിൽ ക്ലാസുകൾ എടുക്കുന്നതിന് ഫാക്കൽടികൾക്കായി നവംബർ 23 ഉച്ചയ്ക്ക് 3 ന് അഭിമുഖം നടത്തും. അസൽ രേഖകൾ, റെസ്യൂമെ എന്നിവ സഹിതം കളമശ്ശേരി എൻ.എ.ഡി. റോഡിലുള്ള സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററിൽ നേരിട്ട് ഹാജരാകണം. വിവരങ്ങൾക്ക്: 0484-2556530.

ട്രഷറി നിക്ഷേപങ്ങളുടെ അവകാശ കൈമാറ്റ പരിധി ഉയർത്തി; തഹസിൽദാരുടെ സർട്ടിഫിക്കറ്റിലൂടെ ഇനി 5 ലക്ഷം വരെ ലഭിക്കും

സംസ്ഥാനത്തെ ട്രഷറി സേവിംഗ്സ് ബാങ്കിലെ മരണപ്പെട്ട നിക്ഷേപരുടെ അക്കൗണ്ടിലെ പണം അവകാശികൾക്ക് കൈമാറുന്നതിനുള്ള പരിധി സർക്കാർ ഉയർത്തി. ഇതുപ്രകാരം തഹസിൽദാരുടെ പക്കൽ നിന്ന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കി ട്രഷറി ഓഫീസർ വഴി പിൻവലിക്കാവുന്ന തുകയുടെ പരിധി മൂന്ന് ലക്ഷം രൂപയിൽ നിന്ന് അഞ്ച് ലക്ഷം രൂപയായാണ് വർദ്ധിപ്പിച്ചത്.

കൂടാതെ, ട്രഷറി ഡയറക്ടറുടെ അനുമതിയോടെ കൈമാറാവുന്ന തുകയുടെ പരിധി അഞ്ച് ലക്ഷം രൂപയിൽ നിന്ന് പത്ത് ലക്ഷം രൂപയായും ഉയർത്തി. പത്ത് ലക്ഷം രൂപയിൽ കൂടുതൽ തുകയുള്ള അക്കൗണ്ടുകൾക്ക് സിവിൽ കോടതിയുടെ പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് നിർബന്ധമായി തുടരുമെന്നും ധനകാര്യ വകുപ്പ് അറിയിച്ചു.

മസ്റ്ററിങ് പൂർത്തിയാക്കണം

കേരള മദ്രസാധ്യാപക ക്ഷേമനിധി ബോർഡിൽ നിന്നും 2025 ഡിസംബർ 31 വരെ പെൻഷൻ അനുവദിച്ച ഗുണഭോക്താക്കൾക്ക് (2026 ജനുവരി മാസം പെൻഷൻ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഉൾപ്പെടെ) വാർഷിക മസ്റ്ററിങ് പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി നവംബർ 30 വരെ നീട്ടി. മസ്റ്ററിംഗ് പൂർത്തിയാക്കാത്ത പെൻഷൻ ഗുണഭോക്താക്കൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന വാർഷിക മസ്റ്ററിങ് പൂർത്തിയാക്കണം. ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവരും മസ്റ്ററിങ് നടത്തണം. വിവരങ്ങൾക്ക്: 0495-2966577, 9188230577.



തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാനായി ചുമതലയേൽക്കുന്ന ജസ്റ്റിസ് (റിട്ട.) സി പ്രദീപ് കുമാറിന് ഗവർണർ ഓംപ്രകാശ് മാഥുർ സത്യവാചകം ചൊല്ലിക്കൊടുക്കുന്നു

മലിനമായ യമുനയിൽ മുങ്ങി ഭക്തർ; വിഐപികൾക്കു പ്രത്യേക കുളങ്ങളെന്ന് വിമർശനം

ന്യൂഡൽഹി: പുണ്യനദിയായ യമുനയുടെ ശുചീകരണത്തിനായി ശതകോടികൾ ചെലവഴിച്ചിട്ടും നദി കൂടുതൽ മലിനമാകുന്നതിനെതിരേ രൂക്ഷവിമർശനവുമായി സുപ്രീം കോടതി. ഛാത്ത് പൂജ ഉത്സവത്തിൻറെ ഭാഗമായി നടക്കുന്ന സ്നാനത്തിനായി ഭക്തർ മലിനമായ യമുനയിൽ ഇറങ്ങുന്നതിൻറെ ദൃശ്യങ്ങൾ ഈ ദിവസങ്ങളിൽ പുറത്തുവന്നിരുന്നു. കടുത്ത മാലിന്യം മൂലം സോപ്പ് പതച്ചതുപോലെ നദിമുഴുവൻ പത നിറഞ്ഞിരിക്കുകയാണ്. ഇതിൻറെ ഗൗരവം മനസിലാക്കാതെ പലരും ഈ വെള്ളത്തിൽ ഇറങ്ങി കുളിക്കുകയും വെള്ളത്തിൽ മുങ്ങുകയും ചെയ്യുന്നതിൻറെ ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്.

അതേസമയം, മലിനമായ യമുനയിൽ ഇറങ്ങാൻ കഴിയില്ലാത്തതിനാൽ പലേടത്തും നദീതീരത്തു തന്നെ സ്നാനഘട്ടങ്ങൾ നിർമിച്ചിട്ടുണ്ട്. മന്ത്രിമാരും വിഐപികളും മിക്കവരും ഇത്തരം ഘട്ടുകളിലാണ് ഭക്തകർമങ്ങൾ നിർവഹിച്ചത്. നീളത്തിലുള്ള കുളങ്ങളായി നിർമിച്ച ഇവിടേക്ക് പുറത്തുനിന്നു ശുദ്ധജലം കൊണ്ട് നിറയ്ക്കുകയാണ്.

അതേസമയം, സാധാരണ മനുഷ്യരെ മലിനമായ നദിയിലേക്കു തള്ളിവിട്ട ഭരണകൂടങ്ങൾ വിഐപികൾക്കും മന്ത്രിമാർക്കും സ്പെഷൽ സൗകര്യങ്ങൾ ഒരുക്കുകയാണെന്ന വിമർശനവുമായി കോൺഗ്രസും ആം ആദ്മി പാർട്ടിയും രംഗത്തുവന്നു.

ആം ആദ്മി ഡൽഹി ഘടകം പ്രസിഡൻറ് സൗരഭ് ഭരദ്വാജ് മുഖ്യമന്ത്രി പ്രത്യേകം തയാറാക്കിയ കുളത്തിലൂടെ വെള്ളത്തിൽ സഞ്ചരിക്കുന്ന ഡൽഹി മുഖ്യമന്ത്രിയുടെ ചിത്രം സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തു വിമർശനം ഉന്നയിച്ചു.

യമുനയെ ഉടൻ മാലിന്യമുക്തമാക്കുമെന്നു കഴിഞ്ഞ വർഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ പ്രസംഗവും ഇപ്പോഴത്തെ മലിന ദൃശ്യങ്ങളും ചൂണ്ടിക്കാട്ടിയാണ് കോൺഗ്രസ് വിമർശനം ഉന്നയിച്ചത്. അതേസമയം, മന്ത്രിമാർക്കും വിഐപികൾക്കും മാത്രമല്ലെന്നും അല്ലാതെയും 1400 സ്നാനഘട്ടങ്ങൾ തീർത്തിട്ടുണ്ടെന്നും ബിജെപി നേതൃത്വം പ്രതികരിച്ചു. കഴിഞ്ഞ പ്രാവശ്യത്തേക്കാൾ താരതമ്യേന യമുനയിലെ മാലിന്യം കുറഞ്ഞിട്ടുണ്ടെന്നും അവർ അവകാശപ്പെട്ടു.

വിഷയത്തിൽ ഇന്നലെ സുപ്രീം കോടതിയും ഇടപെട്ടു. യമുന ശുദ്ധീകരണത്തിനായി ഒരുപാട് പണം ചെലവഴിച്ചിട്ടും നദി കൂടുതൽ മലിനമാവുകയായിരുന്നെന്നു സുപ്രീംകോടതി ചൂണ്ടിക്കാട്ടി. നദി തീരത്തെ നഗരങ്ങളുടെ ഭരണകൂടങ്ങളെല്ലാം ഇതിന് ഉത്തരവാദികളായും ജസ്റ്റീസ് മനോജ് ശർമ അധ്യക്ഷനായ ബെഞ്ച് കുറ്റപ്പെടുത്തി. യമുനയിലേക്കു തുറന്നുവിടുന്ന 520 ഓടകളിലൂടെ പ്രതിദിനം മാലിന്യം കുതിച്ചൊഴുകി എത്തുകയാണ്. ഇതു നദീതീരത്തു വരുന്ന നഗരങ്ങളുടെയും ഗ്രാമാധികാരികളുടെയും ഭരണകൂടങ്ങളുടെയും വീഴ്ചയാണെന്നു കോടതി നിരീക്ഷിച്ചു. ഇതു പരിഹരിക്കാത്തതുകൊണ്ടാണ് കോടികൾ ചെലവിട്ടിട്ടും യമുന കൂടുതൽ മലിനമാകുന്നത്. അതിനാൽ യമുനാനദി ഓരോ സംസ്ഥാനത്തേക്കും പ്രവേശിക്കുകയും പുറത്തുപോവുകയും ചെയ്യുന്ന സ്ഥലങ്ങളിലെ വെള്ളത്തിൻറെ നിലവാരം നിരീക്ഷിക്കാൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിനോട് (സിപിസിബി) കോടതി ആവശ്യപ്പെട്ടു. ഒരു സംസ്ഥാനത്തുനിന്നോ ഏതെങ്കിലും ജില്ലയിലൂടെയോ കടന്നുപോകുമ്പോൾ നദിയിലെ വെള്ളം കൂടുതൽ മലിനപ്പെടുന്നുണ്ടോയെന്നു പരിശോധിക്കണം. സമീപത്തെ ഭരണകൂടങ്ങൾ അതിന് ഉത്തരവാദികളായിരിക്കും. അവർക്കെത്ര പിഴ ചുമത്തണമെന്നു നിർണയിക്കാനുള്ള ഫോം തയാറാക്കാനും കോടതി ആവശ്യപ്പെട്ടു.

'അടിമയായി തുടരാനില്ല'; കോടിയേരിയുടെ ഭാര്യാസഹോദരൻ ചെങ്കൊടി ഉപേക്ഷിച്ചു

തിരുവനന്തപുരം: സിപിഎം മുൻ സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻറെ ഭാര്യാസഹോദരൻ എസ്. ആർ. വിനയകുമാർ പാർട്ടി വിട്ടു. പിണറായി വിജയനെതിരെയും എം. വി. ഗോവിന്ദനെതിരെയും രൂക്ഷവിമർശനം ഉന്നയിച്ചാണ് അദ്ദേഹം പാർട്ടിവിട്ടത്. കോടിയേരിയുടെ ഭാര്യ വിനോദിനിയുടെ സഹോദരനാണ് എസ്. ആർ. വിനയകുമാർ. പാർട്ടിയിൽ പിണറായി വിജയൻ മാത്രമേയുള്ളൂവെന്നും അടിമയായി പാർട്ടിയിൽ തുടരുന്നതിൽ അർഥമില്ലെന്നും അദ്ദേഹം പറഞ്ഞു. 2009 മുതൽ സിപിഎം അംഗമായിരുന്ന താൻ പട്ടം ബ്രാഞ്ച് അംഗമായിരുന്നുവെന്നും നിലവിൽ അംഗത്വം പുതുക്കിയിട്ടില്ലെന്നും വിനയകുമാർ വ്യക്തമാക്കി. പാർട്ടിക്കുള്ളിൽ ജനാധിപത്യപരമായ വിമർശനങ്ങൾക്ക് ഇടമില്ലാതായെന്നും നേതാക്കൾ പറയുന്ന കാര്യങ്ങൾ ചോദ്യം ചെയ്യാതെ അംഗീകരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും അദ്ദേഹം ആരോപിച്ചു. ഇപ്പോൾ സിപിഎം ഇല്ല. സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ പറയുന്നത് സിപിഎം എന്നാൽ പിണറായി എന്നും പിണറായി എന്നാൽ സിപിഎം എന്നുമാണ്. പാർട്ടിയിൽ കേട്ടു കേൾവിയില്ലാത്ത കാര്യമാണിത്. നേതാക്കൾ പറയുന്ന കാര്യങ്ങൾ മുഴുവൻ വിഴുങ്ങുന്ന നിലയാണുള്ളത്. വിമർശിക്കുന്നവർ വർഗവഞ്ചകരാകും. കുറേക്കാലമായി പിണറായി വിജയൻറെ കുടുംബത്തിനെതിരായ കേസുകളിൽ പ്രതിരോധം തീർക്കുക മാത്രമാണ് പാർട്ടിയിൽ നടക്കുന്നതെന്നും മറ്റ് പാർട്ടി പ്രവർത്തനങ്ങൾ സജീവമല്ലെന്നും അദ്ദേഹം ആരോപിച്ചു. പത്തുവർഷത്തെ ഭരണത്തിനുശേഷം പാർട്ടി ചരിത്രത്തിലില്ലാത്ത വിധം തെരഞ്ഞെടുപ്പിൽ പരാജയം ഏറ്റുവാങ്ങിയിട്ടും തിരുത്തലുകൾക്ക് നേതൃത്വം തയ്യാറാകുന്നില്ലെന്നും വിമർശിച്ചു. ഗോവിന്ദനും പിണറായി വിജയനും നിലപാടുകളിൽ മാറ്റം വരുത്താതെ പാർട്ടിക്ക് രക്ഷപ്പെടാനാകില്ല. തിരുത്തൽ നടപടികൾ ചർച്ച ചെയ്യാനിരുന്ന സംസ്ഥാന സമിതിക്ക് തൊട്ടുമുമ്പ് എം. വി. ഗോവിന്ദൻ വാർത്താസമ്മേളനം നടത്തി താനും പിണറായി വിജയനും മാറുന്നില്ലെന്ന് വ്യക്തമാക്കിയതും വിനയകുമാർ ചോദ്യം ചെയ്തു. വിപുലീകരിച്ച ജില്ലാ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയത് സ്തുതിപാഠകരെയാണെന്നും തെരഞ്ഞെടുപ്പ് പരാജയത്തിൻറെ ഉത്തരവാദിത്വം നേതാക്കൾ അണികളുടെ മേൽ ചുമത്തുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

മുംബൈയിൽ ഓട്ടോയുടെ വളയം പിടിച്ച് വില്യം രാജകുമാരൻ; പിന്നിലിരുന്ന് കാഴ്ചകൾ ആസ്വദിച്ച് കെയ്റ്റ്

മുംബൈ: ബ്രിട്ടീഷ് രാജകുമാരൻ വില്യവും ഭാര്യ കെയ്റ്റ് മിഡിൽടണും ഇന്ത്യ സന്ദർശനത്തിനിടയിൽ മുംബൈയിലൂടെ നടത്തിയ ഇ-ഓട്ടോ യാത്ര സമൂഹ മാധ്യമങ്ങളിൽ തരംഗമാകുന്നു. പരിസ്ഥിതി സൗഹൃദ വാഹനങ്ങളെ പരിചയപ്പെടുന്നതിൻറെ ഭാഗമായി വില്യം രാജകുമാരൻ തന്നെയാണ് ഇലക്ട്രിക് ഓട്ടോറിക്ഷ ഓടിച്ചത്.

പിന്നിലിരുന്ന് കെയ്റ്റ് ഈ യാത്ര വളരെ ആസ്വദിക്കുകയും ചെയ്തു. നഗരങ്ങളിലെ മലിനീകരണം കുറയ്ക്കുന്നതിൽ ഇത്തരം ഹരിത വാഹനങ്ങൾക്ക് നിർണായക പങ്കുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. 2026-ലെ 'എർത്ത്ഷോട്ട്' പുരസ്കാര ചടങ്ങിൽ പങ്കെടുക്കാനാണ് രാജകുടുംബം ഇന്ത്യയിലെത്തിയത്. സന്ദർശനത്തിൻറെ ഭാഗമായി ഇതിഹാസ താരം സച്ചിൻ ടെൻഡുൽക്കറിനോടൊത്ത് കുട്ടികൾക്കൊപ്പംക്രിക്കറ്റ് കളിച്ചും, മുംബൈ മെട്രോയിൽ യാത്ര ചെയ്തുമൊക്കെ സാധാരണക്കാരുടെ ഒപ്പം ലളിതമായി ഇടപഴകുന്ന ഇവരുടെ ചിത്രങ്ങളും വീഡിയോകളും ഇതിനോടകം ജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഇന്ത്യയിലെത്തിയ ദമ്പതികൾ നവംബർ 18-ന് ന്യൂഡൽഹിയിൽ വച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും കൂടിക്കാഴ്ച നടത്തും.

രഞ്ജിത് വധക്കേസ്; കോടതിക്ക് മുന്നിൽ സംഘർഷാവസ്ഥ

തിരുവനന്തപുരം: മണ്ണന്തല രഞ്ജിത് വധക്കേസിൽ പ്രതികൾ കുറ്റക്കാരാണെന്ന് പ്രഖ്യാപിച്ചതിനു പിന്നാലെ കോടതി വളപ്പിന് പുറത്ത് നാടകീയ രംഗങ്ങൾ. പ്രതികളുമായി വരുന്ന വാഹനം കണ്ടതോടെ കോടതിക്ക് പുറത്ത് തടിച്ചുകൂടിയിരുന്ന ബിജെപി പ്രവർത്തകർ പ്രതിഷേധ മുദ്രാവാക്യം മുഴക്കുകയായിരുന്നു.

ഇതോടെ ബസിനുള്ളിലുണ്ടായിരുന്ന പ്രതികളും ബിജെപി പ്രവർത്തകർക്ക് നേരെ തിരികെ ആക്രോശിച്ചതോടെ രംഗം വഷളായി. തുടർന്ന് ബിജെപി പ്രവർത്തകരും പൊലിസും തമ്മിൽ ഉന്തും തള്ളുമുണ്ടായി. സംഘർഷ സാധ്യത കണക്കിലെടുത്ത് പ്രദേശത്തേക്ക് കൂടുതൽ പൊലിസ് സംഘത്തെ വിന്യസിച്ചിട്ടുണ്ട്. അതേസമയം കേസിലെ ശിക്ഷ ബുധനാഴ്ച പ്രഖ്യാപിക്കും.

കേസിലാകെ 12 പ്രതികളാണുള്ളതെങ്കിലും 11 പേരാണ് വിചാരണ നേരിട്ടത്. പ്രതികളിൽ ഒരാൾ ഒളിവിലായതിനാൽ വിചാരണ നേരിട്ടിരുന്നില്ല. ആർഎസ്എസ് പ്രവർത്തകനായിരുന്ന രഞ്ജിത്തിനെ ഒരു സംഘം സിപിഎം പ്രവർത്തകർ രാഷ്ട്രീയ വിരോധം മൂലം കൊലപ്പെടുത്തിയെന്നാണ് കേസ്. 2008 ഒക്ടോബർ 17ന് പുലർച്ചെയാണ് കേസിനാസ്പദമായ സംഭവം.

പെറു സന്ദർശനത്തിനിടെ മാർപാപ്പയുടെ കണ്ണിൽ തീർഥാടകർ ഇട്ടുകൊടുത്ത ജപമാല തട്ടി

ലിമ: പെറു സന്ദർശനത്തിനിടെ പോപ് മൊബീലിൽ സഞ്ചരിക്കുകയായിരുന്ന ലെയോ പതിനാലാമൻ മാർപാപ്പയുടെ നേരെ ജനക്കൂട്ടത്തിൽനിന്ന് ഉയർന്നുവന്ന ജപമാല അദ്ദേഹത്തിൻറെ കണ്ണിൽ കൊണ്ടു. ഞായറാഴ്ചയായിരുന്നു സംഭവം.

ജനക്കൂട്ടം സ്നേഹത്തോടെ അദ്ദേഹത്തിനു നിരവധി ജപമാലകൾ ഇട്ടു കൊടുത്തിരുന്നു. എന്നാൽ, വാഹനം നീങ്ങുന്നതിനിടെ ചിലത് അദ്ദേഹത്തിനു കൈകൊണ്ടു പിടിച്ചെടുക്കാനായില്ല. ഇങ്ങനെ വന്ന ജപമാലകളിലൊന്ന് അദ്ദേഹത്തിൻറെ കണ്ണിൽ തട്ടുകയായിരുന്നു. അപ്രതീക്ഷിതമായി ജപമാല കണ്ണിൽ തട്ടിയതോടെ ലെയോ പാപ്പ കണ്ണു പൊത്തുന്നതിൻറെയും തുടയ്ക്കുന്നതിൻറെയും ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. എങ്കിലും നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹം ജനങ്ങളെ ആശീർവദിച്ചുകൊണ്ട് യാത്ര തുടർന്നു. ലക്ഷക്കണക്കിന് ആളുകൾ പങ്കെടുത്ത ദിവ്യബലിയിൽ അദ്ദേഹം കാർമികത്വം വഹിക്കുകയും ചെയ്തു.

പെറുവിലെ ജനങ്ങളുടെ സ്നേഹത്തിനും ആതിഥ്യത്തിനും അദ്ദേഹം നന്ദി പറഞ്ഞു. അടുത്തിടെ ശ്വാസകോശ ശസ്ത്രക്രിയയ്ക്കു വിധേയനായ ശേഷമാണ് മാർപാപ്പ തെക്കേ അമേരിക്കൻ പര്യടനം നടത്തിയത്. ആരോഗ്യപ്രശ്നങ്ങളെല്ലാം തരണം ചെയ്തു സന്ദർശനം പൂർത്തിയാക്കിയ അദ്ദേഹത്തിനു വലിയ സ്വീകരണമാണ് പെറുവിൽ ലഭിച്ചത്.

ക്യാപ്റ്റൻ കളംമാറുമോ ; കരുക്കൾ നീക്കി കോൺഗ്രസ്

രാഷ്ട്രീയത്തിൽ ഒന്നും ഒന്നും രണ്ട് അല്ല എന്നൊരു ചൊല്ലുണ്ട്. ഈ ചൊല്ലിനെ അർഥവത്താക്കുന്ന നിരവധി സംഭവവികാസങ്ങൾ നാം കണ്ടിട്ടുമുണ്ട്. പഞ്ചാബ് നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനം അടുത്തിരിക്കെ രാഷ്ട്രീയ പാർട്ടികൾ നിർണായക നീക്കങ്ങളുമായി കളത്തിലിറങ്ങിയിരിക്കുകയാണ്. കഴിഞ്ഞ തവണ നഷ്ടപ്പെട്ട അധികാരം ഏതുവിധേനയും തിരിച്ചുപിടിക്കാനുള്ള തീവ്രശ്രമത്തിലാണ് കോൺഗ്രസ്. അതിനിടെയാണ് മുതിർന്ന ബിജെപി നേതാവും മുൻ കോൺഗ്രസ് നേതാവുമായ ക്യാപ്റ്റൻ അമരീന്ദർ സിംഗ് സോണിയ ഗാന്ധിയുടെ പുസ്തക പ്രകാശനച്ചടങ്ങിൽ പങ്കെടുത്തത്. ഇതോടെ അമരീന്ദർ സിംഗ് വീണ്ടും കോൺഗ്രസിലേക്ക് മടങ്ങിയെത്തുമെന്ന അഭ്യൂഹങ്ങളും ശക്തമായിരിക്കുകയാണ്.

അഭ്യൂഹങ്ങൾക്ക് ചൂടുപകർന്ന് രാഹുലിൻറെ പരാമർശം

കോൺഗ്രസ് പാർട്ടിയുമായി ഭിന്നതയുണ്ടെങ്കിലും ഗാന്ധി കുടുംബവുമായി ക്യാപ്റ്റൻ നല്ല ബന്ധം കാത്തുസൂക്ഷിച്ചിരുന്നു. ഗാന്ധി കുടുംബവും അമരീന്ദർ സിംഗും തമ്മിലുള്ള ദീർഘകാലത്തെ വ്യക്തിപരമായ അടുപ്പത്തിന് അടിവരയിട്ടുകൊണ്ടാണ് പുസ്തക പ്രകാശന ചടങ്ങിൽ രാഹുൽ ഗാന്ധി സംസാരിച്ചത്. തൻറെ മാതാപിതാക്കളായ രാജീവ് ഗാന്ധിയും സോണിയാ ഗാന്ധിയും തമ്മിലുണ്ടായ പഴയൊരു തമാശരൂപേണയുള്ള ഓർമ്മ രാഹുൽ ചടങ്ങിൽ പങ്കുവെച്ചു.

നേരത്തെ ബിജെപിയിലെ തൻറെ ഇഷ്ട നേതാവ് അങ്കിൾ അമരീന്ദർ ആണെന്ന് രാഹുൽ ഗാന്ധി വിശേഷിപ്പിച്ചിരുന്നു. ഇതിനു പുറമെ പഞ്ചാബ് കോൺഗ്രസിൻറെ ചുമതലയുള്ള സച്ചിൻ പൈലറ്റിൻറെ പ്രസ്താവനയും അമരീന്ദർ സിംഗിൻറെ രാഷ്ട്രീയ നിലപാടുകളെക്കുറിച്ചുള്ള അഭ്യൂഹങ്ങൾക്ക് ആക്കം കൂട്ടിയിരുന്നു. എന്നാൽ ഈ അഭ്യൂഹങ്ങളെല്ലാം തള്ളിക്കളഞ്ഞ അമരീന്ദർ സിംഗ് തൻറേത് തികച്ചും വ്യക്തിപരമായ സന്ദർശനം മാത്രമാണെന്ന് വ്യക്തമാക്കി. തൻറെ മൂന്ന് പുസ്തകങ്ങളുടെ പ്രകാശന ചടങ്ങുകളിൽ സോണിയാ ഗാന്ധി പങ്കെടുത്തിട്ടുണ്ടെന്നും മര്യാദയുടെ ഭാഗമായാണ് താൻ എത്തിയതെന്നും അദ്ദേഹം വിശദീകരിച്ചു.

സിദ്ധുവുമായുള്ള പോര്; കോൺഗ്രസ് വിട്ട് പുറത്തേക്ക്

2021ലാണ് അമരീന്ദർ സിംഗ് കോൺഗ്രസുമായി വഴിപിരിഞ്ഞത്. 2017ൽ പഞ്ചാബിൽ കോൺഗ്രസിനെ വൻ ഭൂരിപക്ഷത്തോടെ അധികാരത്തിലെത്തിച്ച അദ്ദേഹം രണ്ടാം തവണയും മുഖ്യമന്ത്രിയായി. എന്നാൽ ഭരണത്തിൻറെ അവസാന വർഷങ്ങളിൽ സംസ്ഥാന കോൺഗ്രസിലുണ്ടായ രൂക്ഷമായ ആഭ്യന്തര കലഹങ്ങളാണ് അദ്ദേഹത്തിൻറെ പുറത്തുപോകലിലേക്ക് നയിച്ചത്. അന്നത്തെ പഞ്ചാബ് പിസിസി അധ്യക്ഷനായിരുന്ന നവജ്യോത് സിംഗ് സിദ്ധുവുമായുള്ള പരസ്യമായ അധികാരത്തർക്കം പാർട്ടിക്കുള്ളിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചു.

തർക്കം രൂക്ഷമായതോടെ ഹൈക്കമാൻഡ് ഇടപെടുകയും 2022ലെ നിയമസഭാ തെരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം ബാക്കിനിൽക്കെ അമരീന്ദർ സിംഗിനെ മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് നീക്കുകയും ചെയ്തു. പകരം ചരൺജിത് സിംഗ് ചന്നിയെ മുഖ്യമന്ത്രിയാക്കി. അപമാനിച്ചാണ് തന്നെ പുറത്താക്കിയതെന്ന് ആരോപിച്ച അമരീന്ദർ കോൺഗ്രസ് വിട്ട് പഞ്ചാബ് ലോക് കോൺഗ്രസ് എന്ന പേരിൽ പുതിയ പാർട്ടി രൂപീകരിച്ചു. എന്നാൽ 2022ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പാർട്ടി ദയനീയമായി പരാജയപ്പെട്ടു. തുടർന്ന് തൻറെ പാർട്ടിയെ ബിജെപിയിൽ ലയിപ്പിക്കുകയായിരുന്നു.

ക്യാപ്റ്റൻ ബിജെപിയിൽ തൃപ്തനല്ലെ

ബിജെപിയിൽ ചേർന്നെങ്കിലും പാർട്ടിയിൽ പൂർണതൃപ്തനല്ലെന്ന സൂചനകൾ അമരീന്ദർ സിംഗ് അടുത്തിടെ നൽകിയിരുന്നു. ബിജെപി നേതൃത്വവുമായുള്ള അഭിപ്രായവ്യത്യാസങ്ങൾക്ക് പ്രധാനമായും രണ്ട് കാരണങ്ങളാണുള്ളത്. പഞ്ചാബ് രാഷ്ട്രീയത്തിൽ ആറ് പതിറ്റാണ്ടിൻറെ പ്രവർത്തനപരിചയമുണ്ടായിട്ടും സംസ്ഥാനത്തെ പ്രധാന രാഷ്ട്രീയ തീരുമാനങ്ങളിൽ ബിജെപി നേതൃത്വം തന്നോട് അഭിപ്രായം തേടുന്നില്ലെന്നായിരുന്നു അമരീന്ദറിൻറെ ഒരു വിമർശനം.

ഒരു വർഷം പോലും രാഷ്ട്രീയ പ്രവർത്തനപരിചയമില്ലാത്ത നേതാക്കളാണ് പല കാര്യങ്ങളും തീരുമാനിക്കുന്നതെന്നും അദ്ദേഹം തുറന്നടിച്ചിരുന്നു. കേവൽ സിംഗ് ധില്ലനെ പഞ്ചാബ് ബിജെപി അധ്യക്ഷനായി നിയമിച്ച നടപടിയിലും അദ്ദേഹം അതൃപ്തി പ്രകടിപ്പിച്ചിരുന്നു. ബിജെപിയുടെ കേന്ദ്രീകൃത പ്രവർത്തനശൈലിയെ കോൺഗ്രസിലെ ജനാധിപത്യപരമായ കൂടിയാലോചനകളുമായി താരതമ്യം ചെയ്തും അദ്ദേഹം വിമർശനമുന്നയിച്ചിരുന്നു.

അമരീന്ദർ മടങ്ങിയെത്തിയാൽ കോൺഗ്രസിന് നേട്ടമാകുമോ

അമരീന്ദർ സിംഗിൻറെ മടങ്ങിവരവ് കോൺഗ്രസിന് ഗുണകരമാകുമോ എന്ന കാര്യത്തിൽ രാഷ്ട്രീയ നിരീക്ഷകർക്കിടയിലും നേതാക്കൾക്കിടയിലും വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. പഞ്ചാബ് രാഷ്ട്രീയത്തിൽ പതിറ്റാണ്ടുകളുടെ അനുഭവസമ്പത്തും വ്യക്തിപ്രഭാവവുമുള്ള നേതാവാണ് അമരീന്ദർ. അദ്ദേഹത്തിൻറെ മടക്കം പാർട്ടിക്ക് കരുത്തുപകരുമെന്നാണ് മുതിർന്ന കോൺഗ്രസ് നേതാവ് സൽമാൻ ഖുർഷിദ് ഉൾപ്പെടെയുള്ളവരുടെ വിലയിരുത്തൽ. പഞ്ചാബിലെ സിഖ്, കാർഷിക വോട്ടർമാർക്കിടയിൽ അമരീന്ദറിനുള്ള പരമ്പരാഗത സ്വാധീനം ആം ആദ്മി പാർട്ടി, ബിജെപിക്കെതിരായ പോരാട്ടത്തിൽ കോൺഗ്രസിന് ഗുണകരമായേക്കാം.

അതേസമയം അമരീന്ദറിനെപ്പോലൊരു മുതിർന്ന സിഖ് നേതാവ് പാർട്ടി വിട്ടുപോകുന്നത് പഞ്ചാബിൽ സ്വാധീനമുറപ്പിക്കാൻ ശ്രമിക്കുന്ന ബിജെപിക്ക് തിരിച്ചടിയാകാനും സാധ്യതയുണ്ട്. എന്നാൽ അമരീന്ദറിൻറെ തിരിച്ചുവരവ് കോൺഗ്രസിനുള്ളിൽ പുതിയ അധികാരത്തർക്കങ്ങൾക്ക് വഴിവെച്ചേക്കാമെന്ന ആശങ്കയും നിലനിൽക്കുന്നു. ചരൺജിത് സിംഗ് ചന്നി, പ്രതാപ് സിംഗ് ബജ്വ, അമരീന്ദർ സിംഗ് രാജ വാറിംഗ് തുടങ്ങിയ സംസ്ഥാനത്തെ പ്രമുഖ നേതാക്കൾക്കിടയിൽ അദ്ദേഹത്തിൻറെ മടക്കം പുതിയ രാഷ്ട്രീയ സമവാക്യങ്ങൾക്കും അഭിപ്രായവ്യത്യാസങ്ങൾക്കും കാരണമായേക്കാം. കൂടാതെ ഇടയ്ക്കിടെ പാർട്ടി മാറുന്ന നേതാവെന്ന തരത്തിലുള്ള ദുഷ്പേര് അദ്ദേഹത്തിന് നേരിടേണ്ടിവന്നേക്കാം. അതുകൊണ്ടുതന്നെ അമരീന്ദറിൻറെ മടക്കം കോൺഗ്രസിന് ഒരേസമയം നേട്ടത്തിൻറെയും വെല്ലുവിളിയുടെയും സാധ്യതകളാണ് തുറക്കുന്നത്.

നാലംഗ സമിതിയുമായി കോൺഗ്രസ്

മറ്റ് പാർട്ടിയിലെ അസംതൃപ്തരെ ഉൾപ്പെടുത്തി സംഘടനാ അടിത്തറ ശക്തിപ്പെടുത്താനുള്ള നീക്കമാണ് കോൺഗ്രസ് ഇപ്പോൾ നടത്തുന്നത്. ഇതിനായി നാല് അംഗ കോർ കമ്മിറ്റിയെ രൂപീകരിച്ചു. മറ്റ് രാഷ്ട്രീയ പാർട്ടികളിൽനിന്ന് എത്തുന്ന നേതാക്കളുടെ പ്രവേശന നടപടികൾ പരിശോധിക്കുകയും പ്രാദേശിക നേതൃത്വവുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുകയുമാണ് സമിതിയുടെ പ്രധാന ചുമതല. 117 അംഗ പഞ്ചാബ് നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് രാഷ്ട്രീയ നീക്കങ്ങൾ സജീവമാക്കുകയാണ് കോൺഗ്രസ്. പ്രാദേശിക സ്വാധീനമുള്ള നേതാക്കളെ പാർട്ടിയിലെത്തിക്കുന്നതിനൊപ്പം നിലവിലുള്ള സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്താനും നേതൃത്വം ലക്ഷ്യമിടുന്നു.

നിയമനം

തിരുവനന്തപുരം ചാക്ക ഗവ. ഐ.ടി.ഐ. യിൽ വയർമാൻ (01 ഒഴിവ് - Sheduled Caste Converts to Christianity കാറ്റഗറി), മെക്കാനിക് മോട്ടോർ വെഹിക്കിൾ (01 ഒഴിവ് - OC കാറ്റഗറി), ടർണർ (03 ഒഴിവ് ST, Muslim, OC കാറ്റഗറി) എന്നീ ട്രേഡുകളിലെ ഇൻസ്ട്രക്ടർ തസ്തികകളിലെ ഒഴിവുകളിലേക്ക് താത്ക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തും.

എസ്.എസ്.എൽ.സി., ബന്ധപ്പെട്ട ട്രേഡിൽ എൻ.ടി.സി/ എൻ.എ.സിയും 3 വർഷ പ്രവർത്തി പരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ ഡിപ്ലോമയും 2 വർഷ പ്രവർത്തി പരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻജിനിയറിങ് ഡിഗ്രിയും ഒരു വർഷ പ്രവർത്തി പരിചയവുമാണ് യോഗ്യത. ഉദ്യോഗാർഥികൾ നവംബർ 20 രാവിലെ 11ന് അസ്സൽ സർട്ടിഫിക്കറ്റുകളുമായി ചാക്ക ഐ.ടി.ഐ. പ്രിൻസിപ്പൽ മുൻപാകെ ഹാജരാകണം. വിവരങ്ങൾക്ക്: 0471 2502612.

Edited, Printed, Published & owned by Yesudas William, `Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



ശ്രീകാര്യം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ നടന്ന 'സൊസൈറ്റി ഫോർ പാത്ത്വേയ്സ് ടു സസ്റ്റൈനബിലിറ്റി'യുടെ അഞ്ചാമത് വാർഷിക സമ്മേളനത്തിൽ മന്ത്രി സണ്ണി ജോസഫ് സംസാരിക്കുന്നു

മണ്ണന്തല രഞ്ജിത് വധക്കേസ്; 11 പ്രതികൾ കുറ്റക്കാർ, ശിക്ഷ ബുധനാഴ്ച പ്രഖ്യാപിക്കും

തിരുവനന്തപുരം. മണ്ണന്തല രഞ്ജിത് വധക്കേസിൽ 11 പ്രതികൾ കുറ്റക്കാരെന്ന് കോടതി കണ്ടെത്തി. തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതിയാണ് നിർണായകമായ പ്രഖ്യാപനം നടത്തിയത്. ശിക്ഷ ബുധനാഴ്ച പ്രഖ്യാപിക്കും. കേസിലാകെ 12 പ്രതികളായിരുന്നു ഉണ്ടായിരുന്നത്. ഇതിൽ ഒരാൾ ഒളിവിലായതിനാൽ വിചാരണ നേരിട്ടിരുന്നില്ല.

ആർഎസ്എസ് പ്രവർത്തകനായിരുന്ന രഞ്ജിത്തിനെ ഒരു സംഘം സിപിഎം പ്രവർത്തകർ രാഷ്ട്രീയ വിരോധം മൂലം കൊലപ്പെടുത്തിയെന്നാണ് കേസ്. 2008 ഒക്ടോബർ 17ന് പുലർച്ചെയാണ് കേസിനാസ്പദമായ സംഭവം. കോട്ടമുകളിലെ ബേക്കറിയിൽ രഞ്ജിത്ത് നിൽക്കവെ ആണ് രണ്ട് കാറിലും ബൈക്കിലുമായെത്തിയ പ്രതികൾ ആക്രമണം നടത്തിയത്.

ക്രൈം ബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ കൊലപാതകത്തിന് പിന്നിൽ വലിയ ഗൂഢാലോചന നടന്നതായി കണ്ടെത്തിയിരുന്നു. ഗൂഢാലോചനയ്ക്ക് നേതൃത്വം നൽകിയ സിപിഎം പ്രാദേശിക നേതാക്കളെയും പ്രതി ചേർത്തിരുന്നു. വിചാരണാ വേളയിൽ പ്രോസിക്യൂഷൻ സാക്ഷികളായിരുന്ന പൊലിസുകാർ കൂറുമായിരുന്നു.

ചെന്നൈയിൽ കാറുമായി കടന്നുകളഞ്ഞ മോഷ്ടാവ് പിടിയിൽ; പിൻസീറ്റിൽ ഉറങ്ങിക്കിടന്ന 12 വയസുകാരി രക്ഷപ്പെട്ടു

ചെന്നൈ: തമിഴ്നാട്ടിലെ ഗുഡുവാഞ്ചേരിയിൽ നിന്ന് ഉറങ്ങിക്കിടന്ന 12 വയസുകാരിക്കൊപ്പം കാർ മോഷ്ടിച്ച കേസിൽ പ്രതി പിടിയിൽ. കുട്ടിയെ 230 കിലോമീറ്ററോളം അകലെ ശിർക്കാഴിയിൽ നിന്ന് പൊലിസ് രക്ഷപ്പെടുത്തി. ഞായറാഴ്ച രാത്രിയായിരുന്നു സംഭവം.

പെൺകുട്ടിയുടെ മാതാപിതാക്കൾ ഗുഡുവാഞ്ചേരിക്ക് സമീപമുള്ള വല്ലാഞ്ചേരിയിൽ ഹോട്ടലിന് മുന്നിൽ കാർ നിർത്തി ഭക്ഷണം കഴിക്കാൻ പോയപ്പോഴാണ് സംഭവം. കുട്ടി പിൻസീറ്റിൽ ഉറങ്ങുകയായിരുന്നതിനാൽ മാതാപിതാക്കൾ കാർ ലോക്ക് ചെയ്യാതെയായിരുന്നു പുറത്തിറങ്ങിയത്. ഇവർ തിരിച്ചെത്തിയപ്പോഴേക്കും കാറും കുട്ടിയും കാണാതാകുകയായിരുന്നു. തുടർന്ന് മാതാപിതാക്കളുടെ പരാതിയിൽ ഗുഡുവാഞ്ചേരി പൊലിസ് പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ച് അന്വേഷണം ആരംഭിച്ചു.

തിങ്കളാഴ്ച പുലർച്ചെ 4.30-ഓടെ മയിലാടുതുറൈ ജില്ലയിലെ ശിർക്കാഴി പുതിയ ബസ് സ്റ്റാൻഡിന് സമീപത്ത് വച്ച് കുട്ടി കാറിൽ നിന്ന് രക്ഷപ്പെടുകയായിരുന്നു. ഉറക്കമുണർന്ന കുട്ടി താൻ അപരിചിതനായ ഒരാൾക്കൊപ്പമാണ് എന്ന് മനസിലാക്കി. ചായ വാങ്ങിനൽകാമെന്ന് പറഞ്ഞ് പ്രതി പുറത്തിറങ്ങിയ തക്കം നോക്കി കുട്ടി ഓടിരക്ഷപ്പെടുകയും ബസ് സ്റ്റാൻഡിലുണ്ടായിരുന്ന ഓട്ടോ ഡ്രൈവർമാരോട് വിവരം പറയുകയും ചെയ്തു. ഓട്ടോ ഡ്രൈവർമാർ ചേർന്ന് കുട്ടിയെ ശിർക്കാഴി ഓൾ വിമൻ പൊലിസ് സ്റ്റേഷനിൽ എത്തിക്കുകയും തുടർന്ന് മാതാപിതാക്കൾക്കൊപ്പം സുരക്ഷിതമായി വിട്ടയക്കുകയും ചെയ്തു.

കുട്ടി ഇറങ്ങിയതിനു ശേഷം കാറുമായി കടന്നുകളഞ്ഞ പ്രതിയെ പിന്നീട് പൊലിസ് കണ്ടെത്തി അറസ്റ്റ് ചെയ്യുകയായിരുന്നു. കാർ മോഷ്ടിക്കുക മാത്രമായിരുന്നോ പ്രതിയുടെ ലക്ഷ്യമെന്നും കുട്ടിയുമായി 230 കിലോമീറ്റർ സഞ്ചരിക്കാൻ ഉണ്ടായ സാഹചര്യം എന്താണെന്നും പൊലിസ് അന്വേഷിച്ചുവരികയാണ്. സംഭവത്തിൽ മറ്റാരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ എന്നതടക്കമുള്ള കാര്യങ്ങളിൽ വിശദമായ അന്വേഷണം പുരോഗമിക്കുകയാണ്.

നാർത്ത് ഈസ്റ്റ് ഭൂട്ടാൻ ടൂറിസ്റ്റ് ട്രെയിൻ

തിരുവനന്തപുരം: ഭാരത് ഗൗരവ് ട്രെയിൻ പദ്ധതി പ്രകാരം സൗത്ത് സ്റ്റാർ റെയിൽ, ടൂർ ടൈംസുമായി സഹകരിച്ച് കേരളത്തിൽ നിന്ന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കും ഭൂട്ടാനിലേക്കും 13 ദിവസം നീളുന്ന സ്പെഷ്യൽ ടൂറിസ്റ്റ് ട്രെയിൻ യാത്ര സംഘടിപ്പിക്കുന്നു. ഡാർജിലിംഗ്ഗാങ്ടോക്ക്, നോർത്ത് ഈസ്റ്റ് ഇന്ത്യ, ഭൂട്ടാൻ, സപ്തശക്തിപീഠം എന്നിങ്ങനെ നാല് വ്യത്യസ്ത പാക്കേജുകളുണ്ട്. ഇൻഷുറൻസ്, ഹോട്ടൽ താമസം, കാഴ്ചകൾ കാണുന്നതിനുള്ള വാഹനങ്ങൾ, ബുഫെ സൗത്ത് ഇന്ത്യൻ ഭക്ഷണം എന്നിവ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തേർഡ് എസിയിൽ ഡാർജിലിംഗ്ഗാങ്ടോക്ക് 55,650 രൂപ, നോർത്ത് ഈസ്റ്റ് 72,860 രൂപ, ഭൂട്ടാൻ 78,860 രൂപ, സപ്തശക്തിപീഠം 45,--650 രൂപ എന്നിങ്ങനെയാണ് പാക്കേജുകൾ.

കൂടുതൽ വിവരങ്ങൾക്ക് 7305 85 85 85 എന്ന നമ്പറിൽ ബന്ധപ്പെടാം.



വെൽത് മാനേജ്മെന്റ് കമ്പനിയായ 'ഇകിറസ് വെൽത്ത്' കവടിയാറിൽ ആരംഭിച്ച പുതിയ ഓഫീസിന്റെ ഉദ്ഘാടനം ഇകിറസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അജയ് ഗാർഗ് നിർവഹിക്കുന്നു.

ജപ്തിക്കിടെ വീട്ടമ്മയുടെ ആത്മഹത്യ: പ്രതിഷേധിച്ചവർക്കെതിരേ പൊലിസ് കേസ്, വിശദീകരണവുമായി ബാങ്ക്

കോഴിക്കോട്: ജപ്തിക്കിടെ വീട്ടമ്മ ജീവനൊടുക്കിയ സംഭവത്തിൽ പ്രതിഷേധിച്ച് നടുവണ്ണൂരിലെ ബാങ്കിന് മുന്നിൽ സമരം നടത്തിയവർക്കെതിരേ പൊലിസ് കേസ്. ഗതാഗത തടസമുണ്ടാക്കിയതിനും പൊലിസ് ബാരിക്കേഡ് തകർത്ത് ബാങ്കിന് ഉള്ളിലേക്ക് കയറാൻ ശ്രമിച്ചതിനുമാണ് കേസെടുത്തത്.

ഗതാഗത തടസമുണ്ടാക്കിയതിന് കണ്ടാലറിയുന്ന 10 പേരുൾപ്പടെ 200 ഓളം പേർക്കെതിരെയാണ് കേസെടുത്തത്. പൊലിസ് ബാരിക്കേഡ് തകർത്ത് ബാങ്കിന് ഉള്ളിലേക്ക് കയറാൻ ശ്രമിച്ചതിന് കണ്ടാലറിയുന്ന ആറ് പേരുൾപ്പടെ 200 ഓളം പേർക്കെതിരെയും കേസെടുത്തിട്ടുണ്ട്.

ജപ്തി ഭീഷണി ഭയന്ന് കൂത്താളി സ്വദേശിയായ കവിത ജീവനൊടുക്കിയ സംഭവവുമായി ബന്ധപ്പെട്ടായിരുന്നു പ്രതിഷേധം. തിങ്കളാഴ്ച രാവിലെ പത്തര മുതൽ നാല് മണിക്കൂറോളം നേരം കവിതയുടെ മൃതദേഹവുമായി ബാങ്കിന് മുന്നിൽ ജനകീയ പ്രതിഷേധം നടന്നിരുന്നു. കടം എഴുതിത്തള്ളണമെന്നും നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. എംഎൽഎമാർ, സബ് കളക്ടർ ഉൾപ്പെടെയുള്ളവർ സ്ഥലത്തെത്തി പ്രതിഷേധക്കാരും ബാങ്ക് അധികൃതരുമായും ചർച്ച നടത്തിയിരുന്നു.

അതിനിടെ ജപ്തി നടപടികൾ നിയമവ്യവസ്ഥ പാലിച്ചുകൊണ്ടാണെന്ന് ബാങ്ക് അധികൃതർ അറിയിച്ചു. വായ്പാ തിരിച്ചുപിടിക്കൽ നടപടികൾ നിലവിലുള്ള നിയമവ്യവസ്ഥകളും കോടതി നിർദേശങ്ങളും കൃത്യമായി പാലിച്ചുകൊണ്ട് മാത്രമാണെന്നും വായ്പാ കുടിശിക തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ (ഒടിഎസ്) ഉൾപ്പെടെയുള്ള അവസരങ്ങളും സാവകാശവും നൽകിയിരുന്നുവെങ്കിലും അവ പ്രയോജനപ്പെടുത്താൻ ഇടപാടുകാർക്ക് സാധിക്കാതെ വരികയായിരുന്നുവെന്നും സൗത്ത് ഇന്ത്യൻ ബാങ്ക് അധികൃതർ വാർത്താകുറിപ്പിൽ വ്യക്തമാക്കി. നിലവിലെ സാഹചര്യത്തിൽ ഡിസംബർ 15 വരെ തുടർനടപടികൾ നിർത്തിവച്ചതായും അധികൃതർ അറിയിച്ചു.

കൂത്താളി കുഞ്ഞോത്ത് കുയ്യോടൻകണ്ടി ബാബു നടുവണ്ണൂർ ശാഖയിൽനിന്ന് 2018ൽ 7,68,000 രൂപയും ഭാര്യ കവിത 16,80, 000 രൂപയും പരിധിയുള്ള രണ്ട് ഭവന വായ്പകൾ എടുത്തിരുന്നു. 19 സെന്റ് ഭൂമി ഈടായി നൽകിയായിരുന്നു. വായ്പ തിരിച്ചടവ് മുടങ്ങിയതോടെ പലിശയും മറ്റ് ബാധ്യതകളും ഉൾപ്പെടെ കുടിശിക 49.59 ലക്ഷം രൂപയായി.

2021 ഫെബ്രുവരി അഞ്ചിന് വായ്പാ അക്കൗണ്ടുകൾ നിഷ്ക്രിയ ആസ്തിയായി പ്രഖ്യാപിച്ചു. തുടർന്ന് സർഫാസി നിയമത്തിലെ വകുപ്പ് പ്രകാരം സ്വത്ത് ഏറ്റെടുക്കാൻ 2023 മാർച്ച് 14ന് അനുമതി ലഭിച്ചു. ഇതിൻറെ ഭാഗമായി അഡ്വ. കമ്മിഷണർ അഞ്ചുതവണ ഒഴിപ്പിക്കൽ നോട്ടീസ് നൽകി.

2024 സെപ്റ്റംബർ രണ്ടിലെ നോട്ടീസിനെതിരേ കവിത നൽകിയ ഹർജി 2025 ജൂൺ അഞ്ചിന് എറണാകുളം ഡെബ്റ്റ് റിക്കവറി ട്രൈബ്യൂണൽ തള്ളി. തിരിച്ചുപിടിക്കൽ നടപടികൾക്കെതിരേ കേരള ഹൈക്കോടതിയിൽ മൂന്ന് റിട്ട് ഹർജികളും നൽകിയിരുന്നു. ഇവ തീർപ്പാക്കിയതല്ലാതെ നടപടികൾക്ക് സ്റ്റേ ലഭിച്ചിട്ടില്ല.

2026 ജനുവരി ഏഴിലെ ഒഴിപ്പിക്കൽ നോട്ടീസിനെ തുടർന്ന് കുടിശിക തീർക്കാൻ വായ്പക്കാർ രണ്ടുമാസത്തെ സാവകാശം തേടി. ഇതിനിടെ ബാബു ഡെബ്റ്റ് റിക്കവറി ട്രൈബ്യൂണലിൽ നൽകിയ ഹർജിയിൽ വീട് ഏറ്റെടുക്കൽ നടപടികൾക്ക് സ്റ്റേ അനുവദിക്കണമെന്ന ആവശ്യവും തള്ളപ്പെട്ടു.

ജൂലൈ 15ന് നടന്ന വായ്പാ അദാലത്തിൽ 37 ലക്ഷം രൂപയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ (ഒടിഎസ്) സൗകര്യം ബാങ്ക് അനുവദിച്ചു. ജൂലൈ 31നകം 7.5 ലക്ഷവും സെപ്റ്റംബർ 25നകം ബാക്കി തുകയും അടയ്ക്കണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ വായ്പാ ഇടപാടുകാർ ഈ വ്യവസ്ഥകൾ പാലിച്ചില്ല. തുടർന്ന് ഒഴിപ്പിക്കൽ നോട്ടീസ് വായ്പാ ഇടപാടുകാർക്ക് നേരിട്ട് കൈമാറുകയായിരുന്നുവെന്നും ബാങ്ക്അധികൃതർ വ്യക്തമാക്കി.

തല പടിയിറങ്ങി; മഞ്ഞക്കുപ്പായത്തോട് വിടപറഞ്ഞ് ധോണി

ചെന്നൈ: ഇന്ത്യൻ പ്രീമിയർ ലീഗിൽ കളിക്കാരനെന്ന നിലയിലുള്ള കരിയറിന് വിരാമമിട്ട് ഇതിഹാസ താരം എം. എസ്. ധോണി. 2027 സീസണിന് മുന്നോടിയായി ചെന്നൈ സൂപ്പർ കിംഗ്സ് ധോണിയെ ടീമിൻറെ മെൻററായി നിയമിച്ചു. ഇതോടെ ഐപിഎല്ലിലെ താരമെന്ന നിലയിലുള്ള ധോണിയുടെ 18 വർഷത്തിലേറെ നീണ്ട യാത്രയ്ക്ക് അവസാനമായി. 45കാരനായ ധോണി ചെന്നൈ സൂപ്പർ കിംഗ്സിന് അഞ്ച് ഐപിഎൽ കിരീടങ്ങളും രണ്ട് ചാമ്പ്യൻസ് ലീഗ് ടി20 കിരീടങ്ങളും നേടിക്കൊടുത്തിട്ടുണ്ട്. ഫ്രാഞ്ചൈസിക്കായി ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച താരമായ ധോണി 272 മത്സരങ്ങളിൽനിന്ന് 5,314 റൺസും സ്വന്തമാക്കി. ടീമിനായി ഏറ്റവും കൂടുതൽ റൺസ് നേടിയവരിൽ രണ്ടാം സ്ഥാനത്താണ് താരം. പരുക്കുകാരണം കഴിഞ്ഞ ഐപിഎലിൽ താരത്തിന് ഒരു മത്സരം പോലും കളിക്കാൻ സാധിച്ചിരുന്നില്ല. ഇതോടെ താരത്തിൻറെ വിരമിക്കൽ സംബന്ധിച്ച അഭ്യൂഹങ്ങളും ശക്തമായിരുന്നു. ചെന്നൈ സൂപ്പർ കിംഗ്സ് പുറത്തിറക്കിയ ഔദ്യോഗിക പ്രസ്താവനയിലൂടെയാണ് പുതിയ ചുമതല സംബന്ധിച്ച പ്രഖ്യാപനം വന്നത്. എന്നാൽ വിരമിക്കലിനെക്കുറിച്ച് ധോണിയുടെ പ്രതികരണം പ്രസ്താവനയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എം. എസ്. ധോണിയില്ലാതെ ചെന്നൈ സൂപ്പർ കിംഗ്സില്ല. ഏകദേശം രണ്ട് പതിറ്റാണ്ടായി വിജയങ്ങളിലും തിരിച്ചടികളിലും എല്ലാ സാഹചര്യങ്ങളിലും ഞങ്ങൾ ഒരുമിച്ച് മുന്നേറുകയും വളരുകയും ചെയ്തുവെന്ന് ടീം ഉടമ എൻ. ശ്രീനിവാസൻ പറഞ്ഞു. ധോണിയുടെ ക്യാപ്റ്റൻസിയിൽ ചെന്നൈ സൂപ്പർ കിംഗ്സ് 2010, 2011,2018,2021,2023 വർഷങ്ങളിൽ ഐപിഎൽ കിരീടം നേടിയിരുന്നു.

2010ലും 2014 ലും ധോണിക്കു കീഴിൽ ചെന്നൈ ചാംപ്യൻസ് ലീഗ് കിരീടങ്ങളും നേടിയിട്ടുണ്ട്. 2022 ൽ ചെന്നൈ ക്യാപ്റ്റൻസി ഒഴിഞ്ഞ ധോണി 2025 ൽ താത്കാലിക ക്യാപ്റ്റനായും പ്രവർത്തിച്ചു. സഹീർ ഖാനാണ് ചെന്നൈയുടെ പുതിയ പരിശീലകൻ.

മഞ്ഞക്കടൽ ഇനിയും ഇരമ്പും! ക്രീസ് വിട്ടാലും 'തല' മായില്ല; സിഎസ്കെയുടെ ആത്മാവായി ധോണി തുടരും

ചെന്നൈ: ചെപ്പോക്കിൻറെ ഗാലറികളെ ഇളക്കിമറിച്ച ആ ഏഴാം നമ്പർ ജേഴ്സി ഇനി ബാറ്റുമായി ക്രീസിലേക്ക് നടന്നുനീങ്ങില്ല. ഇന്ത്യൻ പ്രീമിയർ ലീഗിൻറെ ചരിത്രത്തിലെ ഏറ്റവും വലിയ വികാരങ്ങളിലൊന്നായ, ആരാധകരുടെ പ്രിയപ്പെട്ട തല, മഹേന്ദ്ര സിംഗ് ധോണി, ഐപിഎലിനോട് ഔദ്യോഗികമായി വിടപറഞ്ഞിരിക്കുന്നു.

എന്നാൽ, ആരാധകരുടെ കണ്ണീരൊപ്പിക്കൊണ്ട് മറ്റൊരു വലിയ പ്രഖ്യാപനവും ഒപ്പം വന്നിട്ടുണ്ട്. 2027 സീസൺ മുതൽ ചെന്നൈ സൂപ്പർ കിംഗ്സിൻറെ മെൻററായി 'തല' പുതിയ ചുമതലയേൽക്കുന്നു. ത്രില്ലർ സിനിമയെ വെല്ലുന്ന ഒരു യുഗത്തിൻറെ അന്ത്യവും മറ്റൊരു ആവേശകരമായ അധ്യായത്തിൻറെ തുടക്കവുമാണ് ഈ തീരുമാനം.

ഐപിഎലിൻറെ പര്യായമായ ഇതിഹാസ കരിയർ

2008ൽ ഐപിഎൽ പിറവിയെടുത്തതു മുതൽ ചെന്നൈ സൂപ്പർ കിംഗ്സിൻറെ ഹൃദയമിടിപ്പായിരുന്നു ധോണി. കേവലം ഒരു ക്യാപ്റ്റൻ എന്നതിലുപരി, ചെന്നൈ എന്ന നഗരത്തിൻറെ വികാരമായി അദ്ദേഹം മാറി.

കിരീടനേട്ടങ്ങളുടെ രാജാവ്

അഞ്ച് തവണ (2010, 2011,2018,2021,2023) ചെന്നൈയെ ഐപിഎൽ കിരീടത്തിലേക്ക് നയിച്ച്, ലീഗിലെ ഏറ്റവും വിജയകരമായ നായകന്മാരിൽ ഒരാളായി അദ്ദേഹം ചരിത്രം കുറിച്ചു. 2010, 2014 വർഷങ്ങളിൽ ചാമ്പ്യൻസ് ലീഗ് ടി20 കിരീടവും ചെന്നൈയ്ക്ക് നേടിക്കൊടുത്തു.

അപരാജിത ഫിനിഷർ

സമ്മർദ്ദത്തിൻറെ കൊടുമുടിയിൽ നിൽക്കുമ്പോഴും ശാന്തനായി കളി ഫിനിഷ് ചെയ്യുന്ന ധോണിയുടെ ശൈലി ക്രിക്കറ്റ് ലോകത്തിന് എന്നും അത്ഭുതമായിരുന്നു. അവസാന ഓവറുകളിൽ ധോണി ക്രീസിലുണ്ടെങ്കിൽ വിജയം ഉറപ്പാണെന്ന വിശ്വാസം ആരാധകരിൽ അദ്ദേഹം വളർത്തിയെടുത്തു.

വിക്കറ്റിന് പിന്നിലെ മാന്ത്രികൻ

കണ്ണിമവെട്ടുന്ന വേഗത്തിലുള്ള സ്റ്റമ്പിംഗുകളും കൃത്യതയാർന്ന ഡിആർഎസ് കോളുകളും വിക്കറ്റിന് പിന്നിൽ ധോണിയെ പകരം വെക്കാനില്ലാത്ത താരമാക്കി.

തിരിച്ചുവരവിൻറെ കഥ

രണ്ടു വർഷത്തെ വിലക്കിന് ശേഷം 2018-ൽ 'വയസൻ പട' എന്ന പരിഹാസവുമായി തിരിച്ചെത്തിയ ചെന്നൈയെ കിരീടമണിയിച്ചത് ധോണിയുടെ പ്രതിഭയുടെ ഏറ്റവും വലിയ ഉദാഹരണമാണ്.



ശിവഗിരി മഠം ഭരണസമിതി അംഗങ്ങൾ മുഖ്യമന്ത്രി വി.ഡി സതീശനെ ക്ലിഫ് ഹൗസിൽ സന്ദർശിച്ചു. ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി ഋതംബരാനന്ദ, ജന: സെക്രട്ടറി സ്വാമി വിശുദ്ധാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, തീർത്ഥാടന കമ്മിറ്റി സെക്രട്ടറി സ്വാമി ശിവ സ്വരൂപാനന്ദ എന്നിവർ മുഖ്യമന്ത്രിക്കൊപ്പം